# വേദാഭിമാനി

**വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി**

Vol.23 | No.10 | കാർത്തികപ്പള്ളി | R.No. 7361/02 | 2023 OCTOBER

RNI Reg.No.KERMAL/2002/7361 Postal Reg. No. KL/MVK/184/2021-23 Licence No. KL/CR/MVK/WPP-03/2021-23. Licensed to Post Without Prepayment.

വായനയ്ക്കും പഠനത്തിനും ആശയസംവാദത്തിനും സന്ദർശിക്കുക: vedabhimani.com


## ആഫ്രിക്ക രണ്ടാകുന്നു




ആഫ്രിക്കൻ ഭൂഖണ്ഡം രണ്ടായി വേർപ്പെട്ടുകൊണ്ടിരിക്കുകയാണെന്നു ശാസ്ത്രജ്ഞർ. ഭൂഖണ്ഡത്തിന്റെ തെക്കുകിഴക്കൻ ഭാഗത്ത് പ്രത്യക്ഷപ്പെട്ട 3218 കിലോമീറ്റർ വിള്ളൽ ഓരോ വർഷവും ഒരു ഇഞ്ച് വീതി വർധിക്കുന്നതായി ശാസ്ത്രജ്ഞർ കണ്ടെത്തി. ഈ വിള്ളൽ വർധിച്ച് ഭാവിയിൽ ഭൂമിയിലെ ആറാമത്തെ സമുദ്രം രൂപപ്പെടുമെന്നും ശാസ് തജ്ഞർ അറിയിച്ചു. ഈ പ്രക്രിയ പൂർത്തിയാകാൻ വർഷങ്ങൾ വേണ്ടിവരും.

ഇതോടെ ആഫ്രിക്കയുടെ തെക്കുകിഴക്കൻ തീരത്തുള്ള രാജ്യങ്ങൾ ഭീമൻ ദ്വീപായി മാറും, എത്യോപ്യ മുതൽ മൊസാംബിക് വരെയുള്ള രാജ്യങ്ങൾ കടലിനാൽ വിഭജിക്കപ്പെടും.

കഴിഞ്ഞ കുറച്ച് പതിറ്റാണ്ടുകളായി വിള്ളലുണ്ടാകുന്നതിന്റെ വേഗം കൂടി. 2006 ൽ എത്യോപ്യയിലെ മരുഭൂമികളിൽ പ്രത്യക്ഷപ്പെട്ട വിള്ളലാണു ശാസ്ത്രജ്ഞർ പഠനവിധേയമാക്കിയത്. രണ്ട് ടെക്റ്റോണിക് പ്ലേറ്റുകൾ പരസ്പരം അകന്നുപോകുന്നതിന്റെ ഫലമാണു വിള്ളലെന്ന് അന്നു സൂചന ലഭിച്ചു. പക്ഷേ, കാരണം വ്യക്തമായിരുന്നില്ല.

ഭൂമിയുടെ കാമ്പിൽ നിന്ന് ഉയർന്നു വന്ന അതിശക്തമായ പാറയുടെ വൻതോതിലുള്ള പുറന്തള്ളലാണ് വിള്ളലിന് കാരണമാകുന്നതെന്നാണു പുതിയ കണ്ടെത്തൽ. സൊമാലിയ, എത്യോപ്യ, കെനിയ, ടാൻസാനിയ എന്നിവയുടെ പകുതി അന്നു പുതിയ ഭൂഖണ്ഡത്തിലായിരിക്കും. ആദ്യം ചെങ്കടൽ പോലെയൊന്നാകും രൂപപ്പെടുക. വർഷങ്ങൾക്കുശേഷം അറ്റ്ലാന്റിക് സമുദ്രം പോലൊന്നായി വിള്ളൽ മാറും.

## വീടുവില 2,064 കോടി



നൂറ്റിപ്പതിനൊന്നു വർഷം മുൻപ് കടലിൽ മുങ്ങിയ ടൈറ്റാനിക് കപ്പൽ അടുത്തിടെ വീണ്ടും വാർത്തകളിൽ നിറഞ്ഞു. കടലിനടിയിൽ കിടക്കുന്ന ടൈറ്റാനിക്കിന്റെ അവശിഷ്ടങ്ങൾ കാണാൻ പോയ അഞ്ചു പേർ, ജലപേടകം പൊട്ടിത്തെറിച്ചു മരിച്ച സംഭവത്തെത്തുടർന്നായിരുന്നു അത്. ടൈറ്റാനിക് ഉടമകളിൽ പ്രധാനിയായിരുന്ന പീറ്റർ ആരെൽ ബ്രൗൺ വൈഡ്നർ (1834 –1916) എന്ന വ്യക്തിയുടെ വീടിന്റെ വിശേഷങ്ങളെക്കുറിച്ചാണ് ഇവിടെ പറയാൻ പോകുന്നത്.

അക്കാലത്തെ ലോകത്തിലെ തന്നെ ഏറ്റവും വലിയ വീടായിരുന്നു പീറ്റർ വൈഡ്നറുടേത്. ലിന്നേവുഡ് ഹാൾ എന്നാണ് ലോകപ്രശസ്തമായ ഈ വീടിന്റെ പേര്. നിർമാണ കാലത്ത് എട്ടു ദശലക്ഷം ഡോളറാണ് (ഏകദേശം 64 കോടി രൂപ) ചെലവായി കണക്കാക്കുന്നത്. ഇന്നത്തെ കണക്കനുസരിച്ച് 56 ദശലക്ഷം ഡോളർ (2,064 കോടി രൂപ) മൂല്യം വരുമെന്നു സാമ്പത്തിക വിദഗ്ധർ വിലയിരുത്തുന്നു. ഇതു നിർമാണത്തിനു മാത്രം ചെലവായ തുകയാണ്. വീടിനകത്തെ കലാശേഖരത്തിനു മുടക്കിയ കോടികൾ വേറെ. ദൗർഭാഗ്യങ്ങൾ നിരന്തരം വേട്ടയാടിയതോടെ 80–കളിൽ ഈ വീട് വൈഡ്നർ കുടുംബം ഉപേക്ഷിച്ചു. 1952ൽ ഈ കെട്ടിടം ഫെയ്ത്ത് തിയോളജിക്കൽ സെമിനാരി വിലയ്ക്കു വാങ്ങി. പിന്നീട് ഹയർ എഡ്യൂക്കേഷനു വേണ്ട ഒരു ക്രിസ്ത്യൻ സ്കൂൾ സ്ഥാപിച്ചു. 1996–ൽ ഫസ്റ്റ് കൊറിയൻ ചർച്ച് ഓഫ് ന്യൂയോർക്ക് എന്ന സംഘടന ഈ കെട്ടിടം വിലയ്ക്കു വാങ്ങി. പിന്നീട് ഇതിന്റെ നികുതി അടയ്ക്കുന്നതു സംബന്ധിച്ച പ്രശ്നങ്ങളിലും മറ്റും അകപ്പെട്ട് ഈ കെട്ടിടത്തിന്റെ പേരിൽ കേസായി. ഇതോടെ കെട്ടിടം ഏറെനാൾ പൂട്ടിക്കിടന്നു. കഴിഞ്ഞ ജൂണ് 30–ന് ഈ കുറ്റൻ ഭവനം സ്മാരകവും പാർക്കുമാക്കി മാറ്റാനായി ലിന്നേവുഡ് ഹാൾ പ്രിസർവേഷൻ ഫൗണ്ടേഷൻ എന്ന സംഘടന വിലയ്ക്ക് വാങ്ങി. അറ്റകുറ്റപ്പണികൾക്കുശേഷം ഇതു പൊതുജനങ്ങൾക്കു തുറന്നുകൊടുക്കാനാണ് ഇവരുടെ പദ്ധതി.

## വെള്ളം നൽകും ജാക്കറ്റ്



അന്തരീക്ഷത്തിലെ മഞ്ഞുകണങ്ങളെ പിടിച്ചുവെച്ച് ജലമാക്കി മാറ്റാൻകഴിയുന്ന രീതിയിലാണ് ഇതിന്റെ നിർമാണം. മരുപ്രദേശങ്ങളിലേക്കും വരണ്ടസ്ഥലങ്ങളിലേക്കും യാത്രചെയ്യുന്നവരെ ഉദ്ദേശിച്ചാണ് ഈ ജാക്കറ്റ് തയ്യാറാക്കിയിരിക്കുന്നത്. യാത്രയ്ക്കിടെ ആവശ്യത്തിന് വെള്ളം കുടിക്കാൻകിട്ടാത്ത സന്ദർഭങ്ങളിൽ ജാക്കറ്റിന്റെ ഈ സവിശേഷതയുപയോഗിച്ച് വെള്ളം കുടിക്കാമെന്നുള്ളതാണ് ഇതിന്റെ ഹൈലൈറ്റ്. ഈ കണ്ടുപിടിത്തത്തിന് പാവെൽസിന് നിരവധി അംഗീകാരങ്ങളും ലഭിച്ചിട്ടുണ്ട്.

## മൊണാലിസയിലെ പാലം

ഡാവിഞ്ചിയുടെ വിശ്വപ്രസിദ്ധമായ മൊണാലിസ എന്ന ചിത്രത്തിൽ വലതു വശത്തായി ഒരു പാലം കാണാം. ഇറ്റലിയിലെ അരീസോ പട്ടണത്തിനടുത്തുള്ള ബുറിയാനോ പാലമാണ് ഡാവിഞ്ചി ഇതിനു മാതൃകയാക്കിയത് എന്നായിരുന്നു ഇതുവരെയുള്ള നിഗമനം. പിയാസെൻസാ പട്ടണത്തിലെ ബോബിയോ പാലമാണ് എന്നും വാദമുണ്ട്. എന്നാൽ, ഈ പാലത്തിന് പുതിയൊരു അവകാശി എത്തിക്കഴിഞ്ഞു. ലാറ്ററിനാ പട്ടണത്തിൽ ആർണോ നദിക്കു കുറുകെ ഉണ്ടായിരുന്ന 'റോമിറ്റോ ഡി ലാറ്ററിനാ' പാലമാണ് അത് എന്ന് സിൽവാന വിൻസെറ്റി എന്ന ഇറ്റാലിയൻ ചരിത്രകാരൻ ഈയിടെ കണ്ടെത്തി! പാലത്തിലെ കമാനങ്ങളുടെ എണ്ണം, ചരിത്രരേഖകൾ എന്നിവയൊക്കെ വിൻസൈറ്റി ഇതിനു തെളിവായി മുന്നോട്ടു വയ്ക്കുന്നു. ഇതിന്റെ പേരിൽ ലാറ്ററിനായിലേക്ക് വിനോദസഞ്ചാരികളെ ആകർഷിക്കാൻ ഒരുങ്ങുകയാണ് അധികൃതർ!



## ബൂത്ത് റെസ്റ്റോറന്റ്

സിലിണ്ടർ ആകൃതി, ഇഷ്ടാനുസരണം ബൂത്തുകൾ തെരഞ്ഞെടുക്കാം; ചൈനയിൽ ഹിറ്റായൊരു റെസ്റ്റോറന്റ്. ലോകത്തിലെ ഏറ്റവും ആകർഷകമായ കെട്ടിടങ്ങളും റെസ്റ്റോറന്റുകളും ഉള്ള സ്ഥലമാണ് ചൈന. വ്യത്യസ്തമായ, കൗതുകം നിറഞ്ഞ നിരവധി സ്ഥലങ്ങളും പ്രത്യേകതകളും ഉള്ള നഗരം കൂടിയാണിത്. ഈ അടുത്തിടെ ചൈനയിലെ ഒരു റെസ്റ്റോറന്റ് സോഷ്യൽ മീഡിയയിൽ ശ്രദ്ധ നേടിയിരുന്നു. സിലിണ്ടർ ആകൃതിയിലുള്ള കോൺക്രീറ്റ് പൈപ്പുകൾ കൊണ്ട് നിർമ്മിച്ചതായി തോന്നിക്കുന്ന വൃത്താകൃതിയിലാണ് റെസ്റ്റോറന്റ് ഉള്ളത്. പീപ്പിൾസ് ഡെയ്‌ലി ഓൺലൈൻ ആണ് റെസ്റ്റോറന്റിനെ കുറിച്ചുള്ള വിവരങ്ങൾ പുറത്തുവിട്ടത്. തെക്കുപടിഞ്ഞാറൻ ചൈനയിലെ ചോങ്കിംഗ് മുനിസിപ്പാലിറ്റിയിലെ മലയോര പ്രദേശമായ നാൻ ജില്ലയിലാണ് റെസ്റ്റോറന്റ് സ്ഥിതി ചെയ്യുന്നത്. ഈ ബാർബിക്യൂ റെസ്റ്റോറന്റ് ഉപഭോക്താക്കൾക്ക് ഇഷ്ടാനുസൃതമായി കോൺക്രീറ്റ് പൈപ്പുകൾ കൊണ്ട് നിർമ്മിച്ച വിശാലമായ ഓരോ ബൂത്ത് നൽകിയാണ് ഒരുക്കിയിരിക്കുന്നത്. രണ്ട് നിലകളിലായാണ് ഇത് സ്ഥാപിച്ചിരിക്കുന്നത്. ഈ ബൂത്തുകളിൽ നിന്ന് അവർക്ക് നഗരത്തിന്റെ കാഴ്ച ആസ്വദിക്കാനും കഴിയും. മാത്രമല്ല, പൈപ്പ് ബൂത്തിനുള്ളിൽ ഭക്ഷണം കഴിക്കാൻ ആഗ്രഹിക്കാത്ത ആളുകൾക്ക് റസ്റ്റോറന്റിന്റെ മുറ്റത്ത് വെച്ചിരിക്കുന്ന മേശകളിൽ ഇരുന്നും ഭക്ഷണം കഴിക്കാം. ആളുകൾക്കിടയിൽ വളരെ പെട്ടെന്നാണ് ഈ റെസ്റ്റോറന്റ് ശ്രദ്ധ നേടിയത്.



## വീഡിയോ കോൾ വിളിക്കുന്ന തത്ത

ദൂരെയുള്ള കുടുംബാംഗങ്ങളെയും സുഹൃത്തുക്കളെയും കാണാനും സംസാരിക്കാനും ആഗ്രഹിക്കുമ്പോൾ മനുഷ്യർക്ക് ഓഡിയോ/വീഡിയോ കോൾ ചെയ്യാം. മറ്റു ജീവജാലങ്ങളുടെ കാര്യത്തിൽ ഇതൊന്നും സാധ്യമല്ലെന്നാണു കരുതുന്നതെങ്കിൽ തെറ്റി! വളർത്തു തത്തകൾ വീഡിയോകോൾ വിളിക്കുന്ന ദൃശ്യങ്ങൾ പുറത്തുവിട്ടിരിക്കുകയാണ് ഒരുസംഘം ഗവേഷകർ.

സാമൂഹ്യമാധ്യമങ്ങളിൽ പ്രചരിക്കുന്ന വീഡിയോയിൽ, തത്തകൾ വീഡിയോ കോളിലൂടെ മറ്റു തത്തകളെ കാണുന്നതും ചില ശബ്ദങ്ങൾ പുറപ്പെടുവിക്കുന്നതും കേൾക്കാം. ചിലപ്പോൾ സ്ക്രീനിൽ കൊക്കു ചേർക്കുന്നതു കാണാം! നോർത്ത്



ഈസ്റ്റേൺ യുണിവേഴ്സിറ്റി, ഗ്ലാസ്ഗോ യൂണിവേഴ്സിറ്റി, എംഐടി എന്നിവിടങ്ങളിൽ നിന്നുള്ള ഗവേഷകരാണ് തത്തകളിൽ പരീക്ഷണങ്ങൾ നടത്തുകയും പരിശീലനം നൽകുകയും ചെയ്തത്.


| ചെയർമാൻ | ഡിറക്ടർ | മാനേജർ | ചീഫ് എഡിറ്റർ | വേദാഭിമാനി | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|---|
| ടി.എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | തോമസ് വർഗ്ഗീസ് ആഞ്ഞിലിത്താനം | ടൈറ്റസ് കാർത്തികപ്പള്ളി | കളർ I ഡിജിറ്റൽ I ഇ–പേപ്പർ ലഭ്യമാണ് | ഇന്ത്യ–Rs.250 മറ്റ് രാജ്യങ്ങൾ–Rs.2000 | വേദാഭിമാനി, കേരള 690516 |



# ആത്മീയ ആരാധന

**സാ**ർവ്വത്രികമായി ഉപയോഗിക്കപ്പെടുന്ന ഒരു പദപ്രയോഗമാണ് ‘സ്തുതിയും ആരാധനയും’. അർത്ഥമാക്കാതെയും, അർത്ഥം ഗ്രഹിക്കാതെയും അനേകം പദങ്ങൾ പ്രയോഗിക്കപ്പെടുന്നുവെന്നതിനാൽ, ‘സ്തുതി’, ‘ആരാധന’ എന്നീ വാക്കുകളുടെ യഥാർത്ഥ അർത്ഥവും ഗ്രഹിക്കാതെ ഉപയോഗിക്കപ്പെടുന്നുവെന്നതിൽ അത്ഭുതപ്പെടേണ്ടതില്ല. ദൈവത്തിന് അവിടുത്തെ നാമത്തെ ഏറ്റുപറയുന്ന ‘അധരഫലം’ എന്ന സ്തോത്രയാഗത്തെ പറ്റി പുതിയ നിയമം പ്രസ്താവിക്കുന്നു (എബ്രാ.13:15). സ്തുതിക്കുക എന്നാൽ നന്ദി കരേറ്റുക എന്നാണ് അർത്ഥം. ദൈവം, നമുക്ക് ദൈവമായിരിക്കുകയാൽ, നമുക്കും മറ്റുള്ളവർക്കും വേണ്ടി അവൻ ചെയ്തിരിക്കുന്നതൊക്കെയും ഓർത്തുകൊണ്ട് നാം അവനു കരേറ്റുന്ന നന്ദിയാണ് സ്തുതിയെന്നത്.

എന്നാൽ ആരാധന കൊണ്ട് അർത്ഥമാക്കുന്നതെന്താണ്? പുതിയനിയമ വെളിച്ചത്തിൽ ഈ പദം നാം സശ്രദ്ധം പരിശോധിച്ചാൽ, മിക്ക ക്രിസ്ത്യാനികളും ഗ്രഹിച്ചിരിക്കുന്നതിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒരു അർത്ഥമാണ് ഇതിനുള്ളത് എന്നു മനസ്സിലാകും. ആരാധനയിൽ സംബന്ധിക്കുക, സത്യത്തിലും ആത്മാവിലും ആരാധിക്കുക എന്നൊക്കെയും വിശ്വാസികൾ പ്രസ്താവിക്കുമ്പോൾ തിരുവചനത്തിൽ ആരാധന സംബന്ധിച്ചു പ്രസ്താവിച്ചിരിക്കുന്നതിൽനിന്നും തീർത്തും വ്യത്യസ്തമായ ഒരു ധാരണയിലാണ് അവർ സംസാരിക്കുന്നത്.

“സത്യനമസ്ക്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും ആരാധിക്കുന്ന നാഴിക വരുന്നു, ഇപ്പോൾ വന്നുമിരിക്കുന്നു”, യേശു ശമര്യക്കാരത്തി സ്ത്രീയോടു പറഞ്ഞു: “തന്നെ നമസ്ക്കരിക്കുന്നവർ, ആരാധിക്കുന്നവർ ഇങ്ങനെയുള്ളവർ ആയിരിക്കണം എന്നു പിതാവ് ഇച്ഛിക്കുന്നു” (യോഹ. 4:23). ഈ വാക്കുകളിൽ കൂടി, പഴയനിയമ ആരാധനയും, പുതിയ നിയമ ആരാധനയും തമ്മിലുള്ള വ്യത്യാസം യേശു വ്യക്തമാക്കുകയായിരുന്നു. പഴയ നിയമ ആരാധന മനുഷ്യന്റെ ദേഹിയിലധിഷ്ഠിതമായിരുന്നുവെങ്കിൽ, പുതിയ നിയമ ആരാധന അവന്റെ ആത്മാവിലധിഷ്ഠിതമാകുന്നു.



സമാഗമന കൂടാരത്തെക്കുറിച്ചു നാം ചിന്തിച്ചാൽ ദൈവത്തിങ്കലേക്കുള്ള മാർഗ്ഗം, അടയാള ഭാഷയിൽ യിസ്രായേൽ മക്കളെ പഠിപ്പിക്കുകയായിരുന്നു പഴയനിയമത്തിൽ എന്ന് നമുക്കു കാണാം.

പ്രാകാരം (എല്ലാവർക്കും ദൃശ്യമായിരുന്ന ഭാഗം), വിശുദ്ധ സ്ഥലം, അതി പരിശുദ്ധ സ്ഥലം (അദൃശ്യഭാഗങ്ങൾ) എന്നിങ്ങനെ മൂന്നു ഭാഗങ്ങൾ സമാഗമന കൂടാരത്തിന് ഉണ്ടായിരുന്നു. ദൃശ്യമായ ഒരു ശരീരവും, അദൃശ്യമായ ദേഹിയും, ആത്മാവും ഉൾപ്പെട്ട മനുഷ്യന്റെ ഒരു നിഴൽ മാത്രമായിരുന്നു സമാഗമനകൂടാരം. വിശുദ്ധ സ്ഥലം ദേഹിയേയും അതിവിശുദ്ധ സ്ഥലം, ആത്മാവിനെയും കുറിക്കുന്നു.

വിശുദ്ധ സ്ഥലത്തിനും അതിവിശുദ്ധ സ്ഥലത്തിനും ഇടയിലുണ്ടായിരുന്ന തിരശ്ശീല, അതിവിശുദ്ധ സ്ഥലത്ത് ആവസിച്ചിരുന്ന ദൈവതേജസ്സ് കൂടാരത്തിന്റെ മറ്റു ഭാഗങ്ങളിലേയ്ക്കു വ്യാപരിക്കുവാൻ ഒരു മറയായി നിലകൊണ്ടിരുന്നു. തിരശ്ശീലയ്ക്കപ്പുറമുള്ള അതിപരിശുദ്ധ സ്ഥലത്തേയ്ക്ക് ആണ്ടിൽ ഒരിക്കൽ മഹാപുരോഹിതനല്ലാതെ ആർക്കും പ്രവേശനം ഉണ്ടായിരുന്നില്ല. മനുഷ്യനു ദൈവത്തോടുള്ള കൂട്ടായ്മയെ തടസ്സപ്പെടുത്തുന്ന എന്തൊന്നിന്റെയോ സാന്നിധ്യം വിളിച്ചറിയിക്കുന്നതായിരുന്നു ഈ തിരശ്ശീലയെന്നത്.

അതിനാൽ പഴയനിയമ ആരാധന വിശുദ്ധ സ്ഥലത്തു മാത്രം പരിമിതപ്പെട്ടിരുന്നു. അതായത് ദേഹം ദേഹിയുടെ തലത്തിൽ മാത്രം, ദേഹം ദേഹിയെ ഉത്തേജിപ്പിക്കുന്ന കൈത്താളം, നൃത്തം, വാദ്യഘോഷങ്ങൾ എന്നിവയ്ക്ക് പഴയനിയമ ആരാധനയിൽ ഉണ്ടായിരുന്ന പ്രാധാന്യത്തിനു കാരണമിതാണ്. പുതിയനിയമ ആരാധനയെ സംബന്ധിച്ച് മേൽപ്പറഞ്ഞവ ഒന്നും തിരുവചനത്തിൽ പ്രസ്താവിച്ചിട്ടേ ഇല്ലെന്നുള്ളത് ശ്രദ്ധേയമാണ്. കാരണം ഇപ്പോൾ സത്യ ആരാധകർ ആത്മാവിലാണ് ആരാധിക്കുന്നത്. തിരശ്ശീല ചീന്തപ്പെടുകയും അതിവിശുദ്ധ സ്ഥലം തുറക്കപ്പെടുകയും ചെയ്തിരിക്കുന്നു?

തിരശ്ശീല ചീന്തിയുള്ള നവ്യവും ജീവനുള്ളതുമായ മാർഗ്ഗം യേശു നമുക്കായി തുറന്നിരിക്കുന്നു! (എബ്രാ. 10:20). യേശുവിനെ അനുഗമിക്കുന്നതെങ്ങനെയെന്നു ഗ്രഹിക്കാതെയാണ് അനേകം ക്രിസ്ത്യാനികളും യേശുവിനെ അനുഗമിക്കുന്നതിനെക്കുറിച്ചുള്ള പാട്ടുകൾ പാടുന്നത്. യേശുവിന്റെ ജീവിതത്തെയാണു നാം അനുഗമിക്കേണ്ടത്. യേശുവിനെപ്പോലെ നാമും പരീക്ഷിക്കപ്പെടുമ്പോൾ, പിതാവിനോടുള്ള കൂട്ടായ്മയോ അതോ പാപത്തിന്റെ തല്ക്കാല സന്തോഷമോ, ഏതാണ് നാം തിരഞ്ഞെടുക്കുന്നത്. ഈ തിരഞ്ഞെടുപ്പാണ്, നമ്മുടെ നടപ്പിനെ നിർണ്ണയിക്കുന്നത്. യേശു തുറന്നുതന്ന ജീവനുള്ള പുതുവഴിയിലൂടെ ആണോ നാം നടക്കുന്നതെന്നു അതാണ് നിർണ്ണയിക്കുന്നത്. നാം വിശുദ്ധസ്ഥലം കൊണ്ടു തൃപ്തരാണോ അതോ അതിവിശുദ്ധസ്ഥലത്ത് പ്രവേശിക്കാൻ ആഗ്രഹിക്കുന്നുവോ എന്നും കൂടി ഇവിടെ നിർണ്ണയിക്കപ്പെടുകയാണ്. മറ്റൊരു ഭാഷയിൽ പറഞ്ഞാൽ നാം ജഢീകരായി ഇരിക്കുന്നതിൽ തൃപ്തരോ അതോ ആത്മീയരായിത്തീരുവാൻ മുമ്പോട്ട് ആയുന്നവരോ എന്നു നിർണ്ണയിക്കപ്പെടേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.



# സ്വയത്തിന്റെ നിഴലിൽ



**ആ**കയാൽ യഹോവേ, എന്റെ പ്രാണനെ എടുത്തുകൊള്ളണമേ ജീവിച്ചിരിക്കുന്നതിനെക്കാൾ മരിക്കുന്നത് എനിക്ക് നന്ന് എന്നു പറഞ്ഞു. (യോനാ 4:3). യോനായുടെ ജീവിതത്തിലെ ഏറ്റവും വലിയ ആവശ്യം തനിക്കു തന്നെ മരിക്കുക എന്നതായിരുന്നു. മനുഷ്യരിൽ പൊതുവേ പ്രത്യേകിച്ച് ദൈവവേലയിൽ ആയിരിക്കുന്നു എന്ന് അവകാശപ്പെടുന്ന, ആത്മാക്കൾക്കു വേണ്ടി പ്രവർത്തിക്കുന്നവർ എന്ന് കരുതുന്ന ആളുകളിൽ കാണുന്ന സ്വാർത്ഥതയുടെ വൈരൂപ്യവും ഭോഷത്തവും എത്രവലിയതാണെന്ന് വരച്ചുകാട്ടുന്നതത്രേ യോനായുടെ ജീവിതം. സ്വാർത്ഥത എപ്പോഴും നികൃഷ്ടവും ദോഷകരവുമാണ്. ക്രൂശിതനായ രക്ഷകനെയും സ്നേഹനിധിയായ ദൈവത്തെയും പ്രതിനിധാനം ചെയ്യുന്നവരിൽ സ്വാർത്ഥത എത്രയധികം നിന്ദ്യമാണ്.

പഴയനിയമ കാലഘട്ടത്തിൽ ആദ്യം കാണപ്പെടുന്ന പ്രവാചകരിൽ ഒരുവനത്രേ യോനാ. യെരൊബെയാം രണ്ടാമന്റെ സമകാലികനായിരുന്ന യോനയുടെ പ്രവചന ശുശ്രൂഷയുടെ ഫലമായി യിസ്രായേലിനെ വിഗ്രഹാരാധനയുടെ കുഴിയിൽ നിന്നും കയറ്റി അവരെ യിസ്രായേൽ രാഷ്ട്രത്തിന്റെ ചരിത്രത്തിൽ ശക്തിയുടെയും മഹത്വത്തിന്റെയും ഉന്നതശൃംഗത്തിലെത്തിക്കാൻ ഇടയായി. സ്വന്തജനമായ യിസ്രായേലിലേക്ക് സദ്വർത്തമാനത്തിന്റെ പ്രവാചകനായി അയയ്ക്കപ്പെടുമ്പോൾ യോനാ അത്യുത്സാഹത്തോടെ പോകുകയും അവന്റെ ശുശ്രൂഷയിൽ യിസ്രായേൽ ശത്രുക്കളെ കീഴടക്കുകയും നഷ്ടപ്പെട്ട ഭൂപ്രദേശങ്ങൾ തിരിച്ചുപിടിക്കുകയും ചെയ്തിരുന്നു.

ഈ കാലഘട്ടത്തിൽ യോനയുടെ പ്രവാചക ദൗത്യം അവസാനിച്ചിരുന്നെങ്കിൽ യിസ്രായേലിന്റെ ചരിത്രത്തിലെ ഏറ്റവും പ്രഗത്ഭരായ പ്രവാചകന്മാരിൽ ഒരുവനായി അവൻ അറിയപ്പെടുമായിരുന്നു. ഇപ്പോൾ ഇതാ ദൈവം അവന് പുതിയൊരു ദൗത്യം നൽകുന്നു. അശ്ശൂർ സാമ്രാജ്യത്തിന്റെ തലസ്ഥാനമായ നിനെവേ പട്ടണത്തിനെതിരെ ദൈവിക ന്യായവിധിയുടെ മുന്നറിയിപ്പുമായി പോകുവാനാണ് ദൈവം പ്രവാചകനോട് ആവശ്യപ്പെടുന്നത്. യോനയെ സംബന്ധിച്ചിടത്തോളം തികച്ചും അപ്രതീക്ഷിതവും അസ്വീകാര്യവുമായ നിയോഗമായിരുന്നു ഇത്. എല്ലാ നിലയിലും ആത്മാർത്ഥതയുള്ള ഒരു ദേശസ്നേഹിയായിരുന്ന യോനയ്ക്ക് യിസ്രായേലിന്റെ ഏറ്റവും വെറുക്കപ്പെട്ട ശത്രുവായ നിനെവേ പട്ടണ നിവാസികളുടെ മേൽ ദൈവത്തിന്റെ കടാക്ഷം ഉണ്ടാകുന്നത് അസഹ്യമായിരുന്നു. യോനയുടെ ഇച്ഛാ ശക്തി ഉണർന്നു. ദൈവകല്പനയോടു മത്സരിച്ച് യോന നിനെവേയിലേക്ക് പോകേണ്ട എന്ന് തീരുമാനിച്ചു. അനുസരണക്കേട് എപ്പോഴും ദൈവത്തിൽ നിന്നും ഒരുവനെ അകറ്റുന്നു. സകലതും കാണുന്ന ദൈവത്തിന്റെ ദൃഷ്ടിയിൽ നിന്നും ഓടിയൊളിക്കുവാനായി ഏതെങ്കിലും ഒരു സ്ഥലം തിരയുകയായിരുന്നു യാന. ദൈവത്തിന്റെ നോട്ടം യോനയ്ക്ക് ഇപ്പോൾ അസഹനീയമായിരുന്നു.



യോനാ പോകുവാൻ ആഗ്രഹിച്ച ഇടത്തേക്ക് ഇപ്പോൾ സാഹചര്യങ്ങൾ എല്ലാം വിരൽ ചൂണ്ടുന്നതായിത്തോന്നി. യോപ്പ തുറമുഖത്ത് എത്തിയ പ്രവാചകൻ തർശീശിലേക്കു പോകുന്ന ഒരു കപ്പൽ തയ്യാറായി നിൽക്കുന്നത് കാണുന്നു. ആ കപ്പലിൽ ഒരു ഇടം കണ്ടെത്തിയ യോന ഒളിച്ചിരിക്കാൻ കണ്ടെത്തിയ ഇടം കപ്പലിന്റെ അടിത്തട്ടായിരുന്നു. ഈ സമയത്ത് കൊടുങ്കാറ്റ്, ദൈവത്തിന്റെ കരുണയുടെയും ന്യായവിധിയുടെയും സന്ദേശവാഹകനായി എത്തി. കടലിൽ എറിയപ്പെട്ട യോനയെ ദൈവം ഒരുക്കി നിർത്തിയിരുന്ന വലിയ മത്സ്യം വിഴുങ്ങുന്നു. മൂന്നു ദിവസങ്ങൾക്കു ശേഷം നിനെവേയുടെ കരയിൽ മത്സ്യം യോനയെ ഉയിർത്തെഴുന്നേറ്റ് ഒരുവനെപ്പോലെ ഛർദ്ദിക്കുന്നു. നിനെവേപ്പട്ടണത്തിലേക്ക് പോയി ദൈവം കൽപ്പിച്ച ന്യായവിധിയുടെ സന്ദേശം അറിയിക്കാനുള്ള നിയോഗം ദൈവം പുതുക്കുന്നു.

ഈ പ്രാവശ്യം യോനാ ചോദ്യം ചെയ്യാതെ പോകാൻ തയ്യാറായി. ‘ക്രൂശിക്കപ്പെട്ട’ ഒരു മനുഷ്യന്റെ അവസ്ഥയിലായിരുന്നു കുറേ സമയത്തേക്ക് പ്രവാചകൻ. എന്നാൽ പഴയ ‘യോനാ’ രംഗപ്രവേശം ചെയ്യാൻ അധികനേരം വേണ്ടിവന്നില്ല. തന്റെ ’പ്രസംഗം’ വിജയകരമായി നിർവഹിക്കാൻ കഴിഞ്ഞതും ജനം ശ്രദ്ധിച്ച് മാനസാന്തരപ്പെടാൻ തയ്യാറായതുമെല്ലാം ഒരു പക്ഷേ യോനയ്ക്ക് സംതൃപ്തി നൽകിക്കാണും എന്നാൽ കരുണാസമ്പന്നനായ ദൈവം നിനെവേക്കാരുടെ അനുതാപത്തെ ദയാപൂർവ്വം വീക്ഷിക്കുകയും വരുത്താൻ നിരൂപിച്ച ന്യായവിധി നടത്താതിരിക്കയും ചെയ്തപ്പോൾ യോനാ കയ്പുനിറഞ്ഞവനായി, കോപിഷ്ഠനാകുന്നു. പട്ടണത്തിന്റെ ന്യായവിധിയെപ്പറ്റിയുള്ള തന്റെ മുന്നറിയിപ്പ് വൃഥാവായപ്പോൾ ഒരു പ്രവാചകൻ എന്ന നിലയിൽ യോനയുടെ പേരിനാണ് മങ്ങലേറ്റത്. പട്ടണവാതിലിനു വെളിയിൽ ഒരു മരത്തണലിൽ ഇരുന്ന് ഒരു കൊച്ചുകുട്ടിയെപ്പോലെ കോപിക്കുന്ന യോനയെ നാം കാണുന്നു. ഒടുവിൽ വാടിക്കരിഞ്ഞുപോയ ആവണക്കിന്റെ ചുവട്ടിൽ നിന്ന് ലജ്ജാകരമായ വിധത്തിൽ ‘അപ്രത്യക്ഷനാകുന്ന’ പ്രവാചകനെയാണ് നാം കാണുന്നത്. തന്റെ സ്വാർത്ഥതയിലും ഭോഷത്വത്തിലും ദൈവദത്തമായ തേജസ്സുള്ള ശുശ്രൂഷയ്ക്ക് നേരിട്ട തകർച്ചയുടെ പശ്ചാത്തലത്തിൽ നാം നമ്മുടെ വചനശുശ്രൂഷകളെ പുനഃപരിശോധിക്കേണ്ടിയിരിക്കുന്നു.മാനം സ്വയം അന്വേഷിച്ച യോനയ്ക്ക് അത് നഷ്ടമായി. വാടിക്കരിഞ്ഞ ആവണക്കിന്റെ ചുവട്ടിൽ നിരാശനായിരിക്കുന്ന യോനാ നമുക്ക് നൽകുന്നത് ശക്തമായ മുന്നറിയിപ്പാണ്.



# ബാലവേദി





## സോഷ്യൽ മീഡിയയും ദുരന്ത സംസ്ക്കാരവും

"തൊപ്പി എവിടെ വന്നാലും ക്ലാസ് കട്ട് ചെയ്ത് ഞങ്ങൾ പോയിരിക്കും". ഒരു ആറാം ക്ലാസുകാരന്റെ വാക്കുകളാണ് ഇത്. "ആള് അൽപം തെറി പറഞ്ഞാലും നല്ലവനാ". ഇത് മറ്റൊരു പ്ലസ് വൺ വിദ്യാർഥി. ഇപ്പോൾ ആരുടെ ഫാൻസ് ആണെന്ന ചോദ്യത്തിന് കോളജ് കുമാരിമാരുടെ മാസ് മറുപടി "തൊപ്പി".

പുതിയ തലമുറയുടെ ഈ മനോഭാവത്തെക്കുറിച്ച് വ്യക്തവും ആധികാരികവുമായ പഠനം നടത്തേണ്ടിയിരിക്കുന്നു. കേരളത്തിലെ ഈ പ്രായത്തിലുള്ള മിക്ക കുട്ടികളും ഇപ്പോൾ തൊപ്പിയുടെ ആരാധകരാണ്. അടുത്തകാലത്തായി, പ്രത്യേകിച്ച് സാമൂഹിക മാധ്യമങ്ങളുടെ ഉപയോഗത്തിനു ശേഷം നമ്മുടെ കുട്ടികൾക്ക് എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്

അധ്യാപകർ, രക്ഷിതാക്കൾ, ഭരണകർത്താക്കൾ, രാഷ്ട്രീയ സാമുദായിക സാംസ്കാരിക സംഘടനകൾ എല്ലാം ഈ വിഷയത്തിൽ ജാഗരൂകരാകേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഇതേപോലെ യുവതലമുറയെ വഴി തെറ്റിക്കുന്ന അശ്ലീല വാക്കുകൾ മൊഴിയുന്ന നിരവധി തൊപ്പികൾ ഉണ്ട്. സോഷ്യൽ മീഡിയയിൽ വരുന്ന അറിവുകളിൽ നല്ലതും ചീത്തയും വ്യക്തമായി വേർതിരിച്ച് അറിയാനും അതിനനുസരിച്ച് അവരെ ബോധവൽക്കരിക്കുവാനും കൂട്ടായ പരിശ്രമം ആവശ്യമാണ്. ഇനിയുള്ള കാലം സോഷ്യൽ മീഡിയ ഓരോ വ്യക്തിയുടെയും ജീവിതത്തിലെ ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നായി മാറിക്കഴിഞ്ഞു. ആയതിനാൽ തന്നെ ഇതിനെ സംബന്ധിച്ചുള്ള അവബോധം സ്കൂളിൽ നിന്ന് തന്നെ തുടങ്ങണം.





## വഴി തെറ്റിക്കുന്ന കൊട്ടാരം

പതിനെട്ടാം നൂറ്റാണ്ടിലെ ഒരു ക്ഷാമകാലം. അക്കാലത്ത് വടക്കേ ഇന്ത്യയിലെ അവധ് എന്ന പ്രദേശം ഭരിച്ചിരുന്നത് അസഫ്-ഉദ്-ദൗള എന്ന നവാബായിരുന്നു.

ക്ഷാമം മൂലം തന്റെ പ്രജകൾ കഷ്ടപ്പെടുന്നത് നവാബിനെ വല്ലാതെ സങ്കടപ്പെടുത്തി. തൊഴിലില്ലാത്തവരുടെ എണ്ണം നാട്ടിൽ പെരുകുകയാണ്. പട്ടിണിയും ദാരിദ്ര്യവും രൂക്ഷമാകുന്നു.

'നാട്ടുകാരെ എങ്ങനെയെങ്കിലും സഹായിക്കണം', നവാബ് തീരുമാനിച്ചു. പക്ഷേ, അവർക്ക് അഭിമാനത്തിനു കോട്ടം വരാതിരിക്കുകയും വേണം! ജോലി ചെയ്യാതെ കൂലി മാത്രം കൊടുത്താൽ പലരും സ്വീകരിക്കില്ല.

നാട്ടുകാർക്കു തൊഴിൽ നൽകാൻ ഒടുവിൽ നവാബ് ഒരു വഴി കണ്ടെത്തി – മഹാമന്ദിരങ്ങൾ നിർമ്മിക്കുക. അതു പണിയുന്നതിനു കൂലി കൊടുക്കാമല്ലോ!

അങ്ങനെ, വലിയൊരു കൊട്ടാരത്തിന്റെ പണി തുടങ്ങി,

ഇരുപതിനായിരത്തിലേറെ പേർ പകൽ മുഴുവൻ പണിയും. എന്നാൽ പണിതത് പൊളിക്കാൻ മറ്റൊരു സംഘത്തെയും നവാബ് നിയോഗിച്ചു. പകൽ പണിതത് രാത്രി പൊളിച്ചു നീക്കുക. അപ്പോൾ പണി നീണ്ടുനീണ്ടു പോകുമല്ലോ. അങ്ങനെ പണിക്കാർക്ക് അത്രയും കാലം കൂലി കിട്ടുകയും ചെയ്യും!

ക്ഷാമം മൂലം പെട്ടെന്നുണ്ടായ ദാരിദ്യം പുറത്തു കാണിക്കാൻ വിഷമമുള്ള ധനികരായിരുന്നു രാത്രിയിലെ പണിക്കാർ!

'ബഡാ ഇമാംബാഡ' എന്നായിരുന്നു ആ മഹാമന്ദിരത്തിനു പേര്. അതിനുള്ളിലാണ് ആയിരം ഇടനാഴികളും പിരിവഴികളുമായി 'ഭൂൽ ഭുലയ്യ' എന്ന ഭൂതത്താൻ കോട്ട. വഴി തെറ്റുന്ന സ്ഥലമാണ് ഭൂൽ ഭുലയ്യ. 'ദിശകൾ മറക്കുന്ന ഇടം' എന്നർഥം. ഓരോ ഇടനാഴിയും അവസാനിക്കുന്നിടത്ത് നാലു വാതിലുകൾ കാണും. അതിലൊന്നു മാത്രമായിരിക്കും ശരിയായ വഴി. ബാക്കിയെല്ലാം തെറ്റായ വഴികൾ! വഴിതെറ്റിയാൽ പിന്നെയും ചുറ്റിച്ചുറ്റിക്കറങ്ങി വലയും!

ചുണ്ണാമ്പുകല്ല്, ഉഴുന്നും ശർക്കരയും ചേർത്ത മിശ്രിതം എന്നിവ ഉപയോഗിച്ചാണ് കൊട്ടാരം നിർമ്മിച്ചത്.

പതിന്നാലു വർഷത്തോളം ആ കൊട്ടാരത്തിന്റെ പണി നീണ്ടു. അപ്പോഴേക്കും ക്ഷാമവും അവസാനിച്ചു.

പണിതും പൊളിച്ചും വീണ്ടും പണിതും മുന്നേറിയ ആ മഹാമന്ദിരം ലഖ്നൗവിൽ ഇന്നുമുണ്ട്.

## ചക്രവർത്തിയുടെ ദയ

അലക്സാണ്ടർ ചക്രവർത്തി രാജ്യങ്ങൾ വെട്ടിപ്പിടിച്ച് മുന്നേറുന്നതിനിടയിൽ ഒരു മരുഭൂമിയിലൂടെ പോകേണ്ടിവന്നു. കൊടുംവെയിലിൽ ദാഹജലം കിട്ടാതെ ചക്രവർത്തിയും പടയാളികളുമെല്ലാം തളർന്നു.

എന്തുചെയ്യണമെന്നറിയാതെ ഒരു താൽക്കാലിക താവളത്തിൽ അവർ ഇരിക്കുമ്പോഴാണ് ഒട്ടകപ്പുറത്ത് തോൽ സഞ്ചിയുമായി ചിലർ വരുന്നതു കണ്ടത്. അവർ ആരാണെന്ന് അടുത്തെത്തിയപ്പോൾ ചക്രവർത്തി ചോദിച്ചു.

"ഞങ്ങൾ മാസിഡോണിയക്കാരാണ്." അവർ പറഞ്ഞു.

"അപ്പോൾ നിങ്ങളെന്റെ നാട്ടുകാരാണല്ലോ!" അലക്സാണ്ടർക്കു സന്തോഷമായി. അവർ തുടർന്നു:

"ഇവിടെ കുറച്ചകലെ കുടിയേറിപ്പാർത്തവരാണ് ഞങ്ങൾ. വെള്ളമില്ലാതെ ഞങ്ങളും ഞങ്ങളുടെ കുഞ്ഞുങ്ങളും വലയുകയാണ്. അവർക്കുവേണ്ടി കുറച്ചു വെള്ളം ദൂരെനിന്നു ശേഖരിച്ചു കൊണ്ടുവരികയാണ്. അങ്ങാരാണെന്നു പറഞ്ഞില്ല..."

"ഞാൻ നിങ്ങളുടെ ചക്രവർത്തിയായ അലക്സാണ്ടർ. ഞാനും എന്റെ പടയാളികളും വെള്ളം കിട്ടാതെ വിഷമിച്ചിരിക്കുകയാണ്. "മരിക്കാറായ ഞങ്ങളുടെ കുഞ്ഞുങ്ങൾക്കു വേണ്ടിയാണ് ഈ വെള്ളം കൊണ്ടുപോകുന്നത്. എങ്കിലും അങ്ങേയ്ക്കു ദാഹം മാറ്റാനുള്ളത് തരാം. പക്ഷേ, ഭടന്മാരുടെയെല്ലാം ദാഹം തീർക്കാൻ വേണ്ടത്ര വെള്ളം ഞങ്ങളുടെ പക്കലില്ല. ദാഹിച്ച് തൊണ്ട വരണ്ടുനിൽക്കുന്ന ഭടന്മാരുടെ ദയനീയമായ മുഖത്തേക്ക് അലക്സാണ്ടർ നോക്കി. ഭടന്മാർ പറഞ്ഞു:

"പ്രഭോ, അങ്ങ് വെള്ളം കുടിക്കൂ. ഞങ്ങളെപ്പറ്റി ചിന്തിക്കേണ്ട. അപ്പോൾ ചക്രവർത്തി പറഞ്ഞു:

"ഇല്ല. എന്റെ ഭടന്മാർ ദാഹിച്ചു വലഞ്ഞിരിക്കുമ്പോൾ ഞാൻ മാത്രമായി വെള്ളം കുടിക്കില്ല. നിങ്ങൾ കഴിയും വേഗം ഈ വെള്ളം കൊണ്ടുപോയി ആ കുഞ്ഞുങ്ങളെ രക്ഷിക്കൂ... ഞങ്ങൾ വേറെ മാർഗം കണ്ടെത്തിക്കൊള്ളാം.

"ചക്രവർത്തി വിജയിക്കട്ടെ" അവർ ആശീർവദിച്ചുകൊണ്ട് ഗ്രാമത്തിലേക്ക് മടങ്ങി.

ചക്രവർത്തിയുടെ ത്യാഗം പടയാളികളിൽ ഉന്മേഷം പകർന്നു. തങ്ങളുടെ സുഖത്തിലും ദുഃഖത്തിലും പങ്കുചേരുന്ന ഭരണാധികാരിയെച്ചൊല്ലി അവർക്ക് അഭിമാനം തോന്നി.

"നമുക്ക് മുന്നേറാം. അടുത്തുതന്നെ വെള്ളം കിട്ടാതിരിക്കില്ല," ഭടന്മാർ ആവേശത്തോടെ പറഞ്ഞു.

അവർ മുന്നോട്ടു നീങ്ങി. അധികം വൈകാതെ മറ്റൊരിടത്തുനിന്ന് അവർക്കു വെള്ളം കിട്ടുകയും ചെയ്തു



## ഉന്നം തെറ്റുന്നത് എങ്ങനെ?

തെക്കേ അമേരിക്കയിൽ പണ്ട് ഹെലാവു എന്നൊരാളുണ്ടായിരുന്നു. അമ്പും വില്ലും ഉണ്ടാക്കാൻ വിദഗ്ധനാണ് ഹെലാവു. ഒരു ദിവസം ഒഗിമ എന്നൊരു വില്ലാളി ഹെലാവുവിനെ കാണാനെത്തി. "ഈയിടെയായി ഉന്നം പഴയതു പോലെ കിട്ടുന്നില്ല. ഇവിടെനിന്നു വാങ്ങിയ അമ്പും വില്ലുമാണ്. പെട്ടെന്ന് എങ്ങനെ ഈ പ്രശ്നം വന്നു എന്നു മനസ്സിലാവുന്നില്ല."



ഹെലാവു പറഞ്ഞു: "അമ്പും വില്ലും ഒന്നു കാണട്ടെ."

ഒറ്റ നോട്ടം കൊണ്ടു ഹെലാവുവിനു കാര്യം മനസ്സിലായി. അദ്ദേഹം ചോദിച്ചു: "ഈ അമ്പിൽ എന്തിനാണ് ഒരു ഓല കെട്ടിയിരിക്കുന്നത്?"



"ലക്ഷ്യത്തിൽ കൊണ്ടത് എന്റെ അമ്പാണെന്ന് മറ്റുള്ളവർ തിരിച്ചറിയാൻ വേണ്ടി കെട്ടിയതാണ്."

"ഉന്നം തെറ്റാൻ കാരണം അതുതന്നെ!" ഹെലാവു പറഞ്ഞു: "നീളവും ഭാരവും രൂപവുമെല്ലാം കൃത്യമായി കണക്കാക്കി ഉണ്ടാക്കിയതാണ് ഈ അമ്പ്. അതിൽ ചെറിയൊരു ഭാരവ്യത്യാസം വന്നാൽപ്പോലും അമ്പിന്റെ പോക്കിനെ ബാധിക്കും!"

ഒന്നു നിർത്തി ഹെലാവു തുടർന്നു: "സ്വന്തം പ്രശസ്തി മാത്രം മനസ്സിൽ കണ്ട് കാര്യങ്ങൾ ചെയ്യുന്നത് ലക്ഷ്യം നേടുന്നതിനു തടസ്സമാകും എന്നർഥം!"

# പിന്തുടരുവാൻ ഒരു മാതൃക



ജീവസന്ദേശം
ടി.എം. വർഗ്ഗീസ് ഓതറ

പഴയനിയമ വ്യവസ്ഥയിലെ ഏറ്റവും വലിയ പ്രവാചകനായിരുന്നു യോഹന്നാൻ സ്നാപകൻ. എന്നാൽ പുതിയ ഉടമ്പടിയിൽ ഏറ്റവും ചെറിയ വ്യക്തിക്കു പോലും യോഹന്നാൻ സ്നാപകനിലും അധികമായ ഔന്നത്യം പ്രാപിക്കാമെന്ന് യേശു പ്രസ്താവിച്ചിട്ടുണ്ട് (മത്താ. 11:11). സ്നാപക യോഹന്നാനെക്കാളും ഉന്നതനായ ഒരുവനാകുക – ഇത് അത്ഭുതകരമായ ഒരു വിളിതന്നെ.

പഴയ ഉടമ്പടിയിൻ കീഴിലെ ശുശ്രൂഷയെക്കാൾ അത്യന്തം ഉന്നതമായ ഒന്നാണ് പുതിയ ഉടമ്പടിയിൽ കീഴിലുള്ള ശുശ്രൂഷ. മോശ, ഏലിയാവ്, യോഹന്നാൻ സ്നാപകൻ തുടങ്ങിയവരെപ്പോലെയുള്ള പഴയനിയമ ദൈവഭൃത്യന്മാരുടെ ജീവിതത്തിൽ നിന്നു നമുക്കു പഠിക്കാവുന്ന പല കാര്യങ്ങളുണ്ട്. അവർ കല്പനകൾ പാലിച്ചുകൊണ്ടു ദൈവത്തെ സേവിച്ചപ്പോൾ, നാം ഇന്ന് ഒരു മാതൃക പിന്തുടർന്നുകൊണ്ടാണ് ദൈവത്തെ സേവിക്കേണ്ടത്.

പിതാവ് സകല മനുഷ്യ വർഗത്തിന്മേലും തനിക്ക് അധികാരം നല്കിയിരിക്കുന്നുവെന്നു യേശു പറഞ്ഞു (യോഹ. 17:2). എന്തിനായിരുന്നു ആ അധികാരം നൽകപ്പെട്ടത്? പിതാവു തനിക്കു നൽകിയിട്ടുള്ള എല്ലാവർക്കും നിത്യജീവൻ നൽകുവാനായിട്ടാണെന്ന് അതേ വാക്യത്തിൽ തന്നെ യേശു പ്രസ്താവിക്കുന്നു. നിത്യജീവൻ എന്നുവച്ചാൽ ഒരിക്കലും അവസാനിക്കാത്ത ഒരു ജീവിതം എന്നല്ല, നേരെ മറിച്ച് ആരംഭാവസാനങ്ങൾ ഇല്ലാത്ത ഒരു ജീവിതം എന്നാണ് അതിന്റെയർത്ഥം. മറ്റൊരു തരത്തിൽപ്പറഞ്ഞാൽ ദൈവത്തിന്റെ ജീവിതം അഥവാ ദൈവസ്വഭാവത്തെയാണ് ആ പദം കുറിക്കുന്നത്.



മോശെ, യോശുവാ, ശിംശോൻ, ദാവീദ് തുടങ്ങിയ പഴയനിയമത്തിലെ ദൈവദൃത്യന്മാർക്കു മറ്റുള്ളവരെ ഭരിക്കുവാനും തങ്ങളുടെ മാനുഷിക ശത്രുക്കളുടെ മേൽ വിജയം വരിക്കുവാനുമുള്ള അധികാരം നൽകപ്പെട്ടിരുന്നു. എന്നാൽ പുതിയ ഉടമ്പടിയിൽ കീഴിൽ ദൈവദൃത്യന്മാർക്ക് മറ്റുള്ളവരെ ദൈവസ്വഭാവത്തിൽ (നിത്യജീവനിൽ) പങ്കാളികളാക്കുവാനും തങ്ങളുടെ ജഡത്തിലെ ദുർമോഹങ്ങളിന്മേൽ വിജയം വരിക്കുവാനുമുള്ള അധികാരമാണ് ദൈവം നൽകിയിട്ടുള്ളത്.

തന്റെ ഭൗമിക ജീവിതത്തിലെ സകല സാഹചര്യങ്ങളിലും ദൈവ സ്വഭാവം പ്രകടമാക്കിയ യേശുക്രിസ്തുവിന്റെ സാദൃശ്യത്തിലേക്കു നമ്മുടെ സഹോദരീസഹോദന്മാരെ നയിക്കുവാനുള്ള അധികാരമാണ് സഭയിൽ ദൈവം നൽകിയിട്ടുള്ളത്. അതല്ലാതെയുള്ള ഒരധികാരവും നമുക്കില്ല. ദൈവസ്വഭാവത്തിൽ മറ്റുള്ളവരെ പങ്കാളികളാക്കുവാൻ വേണ്ടി നമ്മുടെ അധികാരം നാം വിനിയോഗിക്കുന്നില്ലെങ്കിൽ നമ്മെ തന്നെ പരാജയങ്ങളായി നാം കരുതേണ്ടിയിരിക്കുന്നു.


ദൗർഭാഗ്യവശാൽ ഇന്നു പല ക്രിസ്തീയ നേതാക്കന്മാരും പഴയനിയമത്തിലെ ദൈവതൃന്മാരെപ്പോലെ ആളുകളെ ഭരിക്കുന്നവരാണ്. എന്നാൽ യേശുവും അവിടുത്തെ അപ്പൊസ്തലന്മാരും സകല ജനങ്ങളുടെയും ദാസന്മാരായിരുന്നു.

ഏത് ഉടമ്പടിയിൻ കീഴിലാണ് നാം ജീവിക്കുന്നത്? പഴയതിന്റെയോ പുതിയതിന്റെയോ?

യേശുവിനെ നമ്മുടെ മുന്നോടിയെന്നു തിരുവചനം വിളിക്കുന്നു (എബ്രാ, 8:20), നാം പോകേണ്ട വഴിയിൽക്കൂടെ നമുക്കു മുമ്പേ പോയവനാണ് അവിടുന്ന്. ക്രൂശിനെ സഹിച്ച യേശുവിനെ നോക്കിക്കൊണ്ട് നമ്മുടെ ഓട്ടം ഓടുവാനും ദൈവവചനം നമ്മെ പ്രബോധിപ്പിക്കുന്നു (എബ്രാ, 12:12), സകലത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനെങ്കിലും അവിടുന്നു പാപം ചെയ്തില്ല. (എബ്രാ. 4:15). അതിനാൽ പാപം ചെയ്യാത്ത അവിടുത്തെ കാൽച്ചുവടുകളെയാണ് നാം പിന്തുടരുന്നത് (1 പത്രൊ. 2:21,22).

നമുക്കു പിന്തുടരുവാൻ ഒരു നല്ല മാതൃകയായിരിക്കുവാൻ വേണ്ടി യേശു നമുക്കുള്ള എല്ലാ പരീക്ഷകളെയും അഭിമുഖീകരിച്ചു. അതു മൂലമാണ് – 'എന്നെ പിന്തുടരുവിൻ' എന്ന് അവിടുന്നു പറയുമ്പോൾ അവിടുത്തെ വാക്കുകൾ അത്ര ശക്തമായിരിക്കുന്നത്. ഇപ്പോൾ ദൈവത്തിന്റെ ആട്ടിൻ കൂട്ടത്തിന്റെ ഇടയന്മാരെന്ന നിലയിൽ നാമും ആട്ടിൻ കൂട്ടത്തെ അതേ വഴിയിൽക്കൂടെ നടത്തേണ്ടതാണ്. "ഞാൻ ക്രിസ്തുവിന്റെ അനുകാരിയായിരിക്കുന്നതുപോല നിങ്ങളും എന്റെ അനുകാരികളാകുവിൻ' എന്നു പൗലൊസ് പറഞ്ഞപോലെ മറ്റുള്ളവരോടു പറയുവാൻ നാമും കഴിവുള്ളവരായിത്തീരണം (1 കൊരി.11:1; ഫിലി. 3:17).

'നിങ്ങൾ എന്നെ പിന്തുടരേണ്ട; ക്രിസ്തുവിനെ മാത്രം പിന്തുടരുവിൻ എന്നാണ് പല സുവിശേഷ പ്രസംഗകരും പറയുന്നത്. നമ്മെ ബോധ്യപ്പെടുത്തുമാറു വളരെ വിനയഭാവമുള്ള ഒരു പ്രസ്താവനയാണത്. എന്നാൽ അതു വചനാനുസൃതമല്ല. അപ്പൊസ്തലന്മാരിൽ ആരും തന്നെ അപ്രകാരമുള്ള ഒരു പ്രസ്താവന ചെയ്തിട്ടില്ല. തങ്ങൾ ക്രിസ്തുവിനെ പിന്തുടരുന്നതു പോലെ ആളുകൾ തങ്ങളെയും പിന്തുടരണമെന്നാണ് അവർ എപ്പോഴും പ്രബോധിപ്പിച്ചു പോന്നത്. യേശുക്രിസ്തുവാണ് ആളുകളുടെ വലിയ ഇടയൻ. അതുപോലെ തന്നെ യേശുക്രിസ്തുവാണ് നമ്മുടെ മുന്നോടി. അവിടുന്നു പോയ അതേ വഴിയിലൂടെ നാമും പോകേണ്ടിയിരിക്കുന്നു. നാം സ്വയം ജയാളികളായിത്തീർന്നിട്ടു മറ്റുള്ളവരോട് – 'ഞങ്ങൾ ജയാളികളായിരിക്കുന്നതുപോലെ നിങ്ങളും ആകുവിൻ' എന്നു പ്രബോധിപ്പിക്കുവാൻ നമുക്കു കഴിയും (വെളി. 3:21).



# നിർമ്മലമായ ഭക്തി

ക്രിസ്തീയതയുടെ കേന്ദ്രം എന്താണ്? അത് ആചാരങ്ങളാണോ നടപടിക്രമങ്ങളാണോ ഉപദേശരൂപങ്ങളാണോ? അല്ല. ഇതൊന്നുമല്ല. ക്രിസ്തീയതയുടെ കേന്ദ്രം യേശുവാണ്.

ക്രിസ്തീയതയുടെ കാതൽ യേശുവാണെങ്കിൽ, ആ യേശുവിനോടുള്ള വളരെ അടുത്തബന്ധമല്ലേ ഉന്നം വയ്ക്കേണ്ടത്. തീർച്ചയായും അതെ. എന്നാൽ ഇന്നോ? യേശുവിനു ജീവിതത്തിൽ കേന്ദ്രസ്ഥാനം നൽകിയിട്ടില്ലാത്ത ക്രിസ്ത്യാനികൾ! യേശുവിൽനിന്ന് ആയിരം കാതം അകലെ നിൽക്കുന്ന ക്രിസ്തു മതം. ഇതാണ് ഇന്നത്തെ അവസ്ഥ.

യേശുവിന്റെ പേരിലാണ് ക്രൈസ്തവമതം പടുത്തുയർത്തിയിരിക്കുന്നത്. എന്നാൽ യേശു മുന്നോട്ടുവച്ച ജീവിതപ്രമാണങ്ങൾക്ക്, ആദർശങ്ങൾക്ക് ഇന്ന് എന്തുസ്ഥാനമാണുള്ളത്? യേശു യഥാർത്ഥത്തിൽ ഇന്നു സംഘടിത ക്രൈസ്തവമതത്തിനു പുറത്താണെന്നതല്ലേ വാസ്തവം?

ലോകപ്രശസ്ത റഷ്യൻ സാഹിത്യകാരൻ ദസ്തയോവസ്കിയുടെ എക്കാലത്തേയും വലിയ ക്ലാസ്സിക്കായ 'ബ്രദേഴ്സ്കാരമസോവി'ലെ ഒരു ദൃഷ്ടാന്തകഥ ഓർത്തു പോകുന്നു. അന്നത്തെ ക്രൈസ്തവമതത്തിന്റെ സ്ഥാപിതതാത്പര്യങ്ങൾക്ക് എതിരായി യേശുവുമായി വ്യക്തിപരമായ അടുപ്പവും ഭക്തിയും പുലർത്തുന്നവരെ തെരഞ്ഞു പിടിച്ച് മതദ്രോഹവിചാരണ നടത്തി അവരെ തുറങ്കിലടയ്ക്കുകയോ കൊല്ലുകയോ ചെയ്ത് പള്ളിമതം അധികാരത്തോടെ വാഴുന്നകാലം. അന്നൊരിക്കൽ യേശു രണ്ടായിരം വർഷം മുമ്പെന്നപോലെ ആ തെരുവിലൂടെ നടന്നു വന്നു. ആയിരത്തിലൊരുവനായി, സഹജമായ ലാളിത്യത്തോടെ. ആരും അവനെ തിരിച്ചറിയുമായിരുന്നില്ല. എന്നാൽ മതദ്രോഹവിചാരണയ്ക്ക് നേതൃത്വം നൽകുന്ന കർദ്ദിനാൾ ദൈന്യമായ ആ രൂപത്തെ തിരിച്ചറിഞ്ഞു. തെളിഞ്ഞ നീലാകാശം പോലെ നിഷ്കപടമായ ആ കണ്ണുകളിൽ നിന്ന് യേശുവാണതെന്ന് അയാൾ വായിച്ചെടുത്തു. ക്രിസ്തീയമതത്തിന് ഒട്ടേറെ താത്പര്യങ്ങൾ സംരക്ഷിക്കാനുള്ളപ്പോൾ യേശു സ്വതന്ത്രനായി തെരുവിലൂടെ സഞ്ചരിച്ചാലുള്ള അപകടം മനസ്സിലാക്കിയ കർദ്ദിനാൾ കൈയോടെ യേശുവിനെ പിടികൂടി തുറങ്കിലടയ്ക്കുന്നു. പിന്നീടയാൾ യേശുവിനെയും വിചാരണയ്ക്കു വിധേയനാക്കുന്നു...

കർദ്ദിനാളിന്റെ അഭിപ്രായത്തിൽ യേശു ചെയ്ത തെറ്റുകൾ മൂന്നാണ്. പരസ്യശുശ്രൂഷയ്ക്കിറങ്ങുന്നതിനു തൊട്ടുമുൻപ് മരുഭൂമിയിൽ പിശാച് യേശുവിനെ പരീക്ഷിക്കുമ്പോൾ മൂന്നു പ്രലോഭനങ്ങളാണ് അവൻ മുന്നോട്ടു വച്ചത്. കല്ലിനെ അപ്പമാക്കിത്തീർത്ത് ആളുകളുടെ അംഗീകാരവും ആദരവും നേടാൻ പിശാച് ആവശ്യപ്പെട്ടു. യേശു അതു നിരസിച്ചു. രണ്ടാമത് തന്നെ നമസ്കരിച്ച് ഈ മുഴുലോകത്തിന്റെ അധികാരവും മഹത്വവും കയ്യാളാൻ പിശാച് യേശുവിനെ പ്രലോഭിപ്പിച്ചു. യേശു അതിനും വിസ്സമ്മതിച്ചു. അടുത്തതായി ഗോപുരാഗ്രത്തിൽ നിന്നു താഴോട്ടു ചാടി ഒരപകടവും പറ്റാതെ നിന്ന് ആളുകളുടെ അത്ഭുതാദരങ്ങൾക്കു പാത്രമാവാൻ പിശാച് യേശുവിനെ പരീക്ഷിച്ചു. യേശു അതും നിഷേധിച്ചു.

കർദ്ദിനാളിന്റെ അഭിപ്രായത്തിൽ യേശു ഈ മൂന്നു കാര്യങ്ങളും സ്വീകരിക്കേണ്ടതായിരുന്നു. അങ്ങനെ ചെയ്തിരുന്നെങ്കിൽ യേശുവിന് ലോകം കയ്യടക്കാമായിരുന്നു. കല്ലിനെ അപ്പമാക്കുന്ന രഹസ്യവും ഗോപുരാഗ്രത്തിൽ നിന്നു നിരപായം ചാടുന്ന അത്ഭുതവും മുഴുവൻ ലോകത്തിന്റെയും അധികാരം കൈയാളുന്ന മഹത്വം യേശുവിനു സ്വന്തമാണെന്നു മറ്റുള്ളവർക്കു മനസ്സിലാകുമായിരുന്നു. രഹസ്യത്തിന്റെയും അത്ഭുതത്തിന്റെയും അധികാരത്തിന്റെയും താക്കോൽ കയ്യിലുള്ളവനായി യേശുവിനു തന്റെ വ്യക്തിപ്രഭാവത്തിനു കീഴിൽ ജനമനസ്സുകളെ മുഴുവൻ തളച്ചിടാമായിരുന്നു. പക്ഷേ യേശു ഈ സാധ്യത എല്ലാം നഷ്ടപ്പെടുത്തി. ആളുകളുടെ സ്വാതന്ത്ര്യത്തെ മാനിച്ചു. ഇതാണു കർദ്ദിനാളിന്റെ നോട്ടത്തിൽ യേശു ചെയ്ത കുറ്റം. "പക്ഷെ നീ കാണിച്ച മടയത്തരം ഞങ്ങൾ ചെയ്തില്ല ഞങ്ങൾ അത്ഭുതവും രഹസ്യവും അധികാരവും മതത്തിന്റെ ഭാഗമാക്കി. ജനങ്ങളെ മുഴുവൻ ഞങ്ങളുടെ ചൊൽപ്പടിയിലാക്കി കർദ്ദിനാൾ വിജയോന്മാദത്തോടെ ആക്രോശിച്ചു.

നോക്കുക; യേശുവിന്റെ പേരിൽ പടുത്തുയർത്തിയ പള്ളിമതം ഒരു വഴിക്ക്. യേശു മറ്റൊരു വഴിക്ക്. ഇവിടെ യഥാർത്ഥ ആത്മീയതയെ പിൻതുടരുന്നവർ മതത്തിന്റെ ചട്ടക്കൂടുകൾക്ക് അപ്പുറത്ത്, പാളയത്തിനുപുറത്ത്, യേശുവിനെ വ്യക്തിപരമായി അനുഗമിക്കും.

യേശുവിനോടുള്ള വ്യക്തിപരമായ ഈ അടുപ്പത്തെ പൗലൊസ് മനോഹരമായ ഒരു പ്രയോഗം കൊണ്ട് ഇങ്ങനെ വിശദീകരിച്ചിട്ടുണ്ട്. ലളിതമായ നിർമലമായ ഭക്തി (Simple and pure devotion. 2 Corin, 11:3), പള്ളിമതത്തിനു പുറത്ത് യേശുവിനെ വ്യക്തിപരമായി അറിയുകയും അനുഗമിക്കുകയും ചെയ്യുന്നു എന്നവകാശപ്പെടുന്ന സുവിശേഷവിഹിത ക്രിസ്ത്യാനികൾക്കും ഇന്ന് യേശുവിനോട് ഈ നിലയിൽ ബന്ധവും സ്പർശ്യതയും നിലനിർത്താൻ കഴിയുന്നുണ്ടോ?

യേശുവിനോടുള്ള വ്യക്തിപരമായ ബന്ധത്തിന്റെ ആരഭം വീണ്ടും ജനനത്തിൽ നിന്നാണല്ലോ. തന്റേതായ ഇഷ്ടത്തിനും സ്വന്തവഴിക്കും പോയിരുന്നവർ നേരേ 100 ഡിഗ്രി തിരിഞ്ഞ് ദൈവത്തിങ്കലേക്കുള്ള മാനസാന്തരത്തിലേക്കു വരുന്ന തുടക്കമാണത്. വ്യക്തിപരമായി യേശുവിനെ ജീവിതത്തിന്റെ കേന്ദ്രത്തിൽ പ്രതിഷ്ഠിക്കുന്ന രംഗം. പക്ഷേ ഈ നിലയിൽ യേശുവിനു ജീവിതത്തിൽ ഒന്നാംസ്ഥാനം നൽകി ജീവിതത്തിന്റെ മുഴുവൻ ദിശയും മാറുന്ന ഒരു കാര്യം ഇന്നു 'ജനപ്രിയസുവിശേഷം' വിഭാവനചെയ്യുന്നുണ്ടോ? പലതിന്റെ കൂട്ടത്തിൽ യേശുവിനേയും ഒന്നു പരീക്ഷിച്ചു നോക്കാനും യേശുവിനും കൂടി ഒരു സ്ഥാനം നൽകാനുമാണ് അത് ജനങ്ങളോട് ആവശ്യപ്പെടുന്നത്. ഫലം 'യേശുതന്നെ ഏക കർത്താവ്' എന്ന അനുഭവം ഇന്ന് ജനത്തിന് അന്യമാകുന്നു. തന്മൂലം യഥാർത്ഥമായി ദൈവത്തെ അനുഗമിക്കുവാൻ സാധിക്കുന്നില്ല. നിർമ്മലമായ ഭക്തിയിൽ, ദൈവസ്നേഹത്തിൽ പ്രചോദിതരായി മാനസാന്തര അനുഭവത്തിൽ യേശുവിനെ അനുഗമിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ ഒരു ക്രിസ്ത്യാനിയെന്ന് അവകശപ്പെടാൻ നമുക്ക് സാധിക്കുകയില്ല.




നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# വെളിപ്പാടിലെ വസ്തുതകൾ

തുടർച്ച



തങ്ങളുടെ അസ്തിത്വത്തിന്റെ ഉടയവനെയാണ് സൃഷ്ടപ്രപഞ്ചവും ദൈവജനവും ഇവിടെ സ്തുതിക്കുന്നത്. ശ്രേഷ്ഠന്മാർ കിരീടം താഴെ വയ്ക്കുന്നതും ദൈവത്തിന്റെ പരമാധികാരത്തെ ഏറ്റുപറയുന്നതിനെ സൂചിപ്പിക്കുന്നു.

വിചിന്തനം: ഭൗതിക, രാഷ്ട്രീയ ശക്തികളാണ് ഈ ലോകത്തിന്റെ ചരിത്രത്തെ നിയന്ത്രിക്കുന്നത് എന്ന് തോന്നാം. പക്ഷേ, യഥാർത്ഥത്തിൽ ചരിത്രത്തിന്റെ ഗതിനിർണ്ണയിക്കുന്നത് ദൈവമാണ്. സ്വർഗ്ഗീയ സിംഹാസനം പ്രപഞ്ചത്തിന്റെമേലുള്ള ദൈവത്തിന്റെ ആധിപത്യത്തെ സൂചിപ്പിക്കുന്നു. സൃഷ്ടപ്രപഞ്ചം മുഴുവനും ദൈവജനവും ദൈവത്തെ ആരാധിക്കുന്നു. സാഷ്ടാംഗം പ്രണമിച്ചും സ്തുതിഗീതങ്ങൾ ആലപിച്ചും ദൈവത്തെ ആരാധിക്കുന്നത് അനുദിന ജീവിത യാഥാർത്ഥ്യങ്ങളിൽ നിന്നുള്ള ഒളിച്ചോട്ടമല്ല. ഈ യാഥാർത്ഥ്യങ്ങളെത്തന്നെ ദൈവഹിതമനുസരിച്ച് രൂപപ്പെടുത്താനുള്ള കരുത്താർജ്ജിക്കലാണ്.

ദൈവവിശ്വാസവും ദൈവാരാധനയും സമൂഹത്തിൽ നിലനില്ക്കുന്ന അനീതികൾക്കുനേരേ കണ്ണടയ്ക്കാനല്ല, അവയെ തിരുത്താൻ പ്രേരകമാകണം. ദൈവത്തെ സ്രഷ്ടാവായി ഏറ്റുപറയുന്നവർ സ്രഷ്ടാവിന്റെ ഹിതമനുസരിച്ച് ജീവിക്കാനും അതിനനുസൃതമായ സാമൂഹ്യസംവിധാനങ്ങൾക്ക് രൂപം കൊടുക്കാനും ശ്രമിക്കണം.

## വെളിപ്പാട് 5:1-4, മുദ്രിതമായ ചുരുൾ

സ്വർഗ്ഗീയ സദസ്സിന്റെ പൊതുവായ വിവരണത്തിനുശേഷം ഗ്രന്ഥകാരൻ സിംഹാസനസ്ഥനിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു (വാ. 1). ദൈവത്തിന്റെ വലതുകൈയിൽ ഇരിക്കുന്ന ചുരുളാണ് തുടർന്നുള്ള വിവരണത്തിന്റെ കേന്ദ്രം. അകത്തും പുറത്തും എഴുതിയിരിക്കുന്നതിനാൽ വളരെയേറെ കാര്യങ്ങൾ ചുരുളിലുണ്ട് എന്ന സൂചനയാണ് ഗ്രന്ഥകാരൻ നല്കുന്നത്. എഹസ്ക്കേലിനു ലഭിച്ച പ്രഥമ ദർശനത്തിൽ ഇപ്രകാരം ഒരു ചുരുൾ പ്രത്യക്ഷപ്പെടുന്നുണ്ട് (എഹെ. 2:9-10). ആ ചുരുൾ നിവർത്തിയതായിരുന്നു. അതിൽ എഴുതിയിരുന്നത് ഇസ്രായേൽ ജനത്തിന്റെമേൽ പതിക്കാൻ പോകുന്ന ശിക്ഷാവിധിയായിരുന്നു. എന്നാൽ വെളിപ്പാടു ഗ്രന്ഥത്തിലെ ചുരുൾ ഏഴു മുദ്രകൾ വച്ചു ഭദ്രമാക്കിയതാണ്. ചുരുളിൽ എന്താണ് എഴുതിയിരിക്കുന്നതെന്ന് അറിയാനാവില്ല.

മുദ്രിതമായ ചുരുളിനെക്കുറിച്ച് ദാനിയേലിന്റെ പുസ്തകത്തിൽ രണ്ടു പരാമർശങ്ങളുണ്ട് (ദാനി. 8:26; 12:4,9). യുഗാന്ത്യത്തെ സംബന്ധിക്കുന്ന രഹസ്യങ്ങളാണ് ചുരുളിലുള്ളത്. അത് ഇപ്പോൾ വെളിപ്പെടുത്താനാവില്ല എന്നു പറയാൻ വേണ്ടിയാണ് ഗ്രന്ഥത്തിനു മുദ്രവയ്ക്കാൻ ആവശ്യപ്പെടുന്നത്. റോമാക്കാരുടെ ഇടയിൽ പ്രചാരത്തിലിരുന്ന ഒരാചാരം ചുരുളിനു മുദ്രവയ്ക്കുന്നതിന്റെ അർത്ഥം ഗ്രഹിക്കാൻ സഹായിക്കും. വില്പത്രം എഴുതുന്നയാൾ ഏഴു സാക്ഷികളെക്കൊണ്ട് ചുരുട്ടിയ വില്പത്രത്തിനു മുദ്ര വയ്പ്പിക്കണം. പിന്നീട് ആ ഏഴുപേരും കൂടിയാലേ മുദ്രപൊളിച്ച് വില്പത്രം വായിച്ച് നടപ്പിലാക്കാൻ കഴിയുമായിരുന്നുള്ളൂ. മേൽ വിവരിച്ച രണ്ടു പശ്ചാത്തലങ്ങളിൽ നിന്നു ലഭിക്കുന്ന സൂചന ഇതാണ്: മുദ്രവച്ച ചുരുളിന്റെ ഉള്ളടക്കം യുഗാന്ത്യത്തെ സംബന്ധിക്കുന്ന രഹസ്യമാണ്. ചുരുൾ നിവർത്തുകയെന്നാൽ അതിൽ എഴുതിയിരിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കുക എന്നാണ് അർത്ഥമാക്കുക. ഏഴ് പൂർണ്ണതയുടെ സംഖ്യയാകയാൽ ഏഴുമുദ്രകൾ വച്ചത് പരമ രഹസ്യമാണ്.

**5:2-3,** ശക്തനായ ദൂതൻ വീണ്ടും രണ്ടുതവണ പ്രത്യക്ഷപ്പെടുന്നുണ്ട് (വെളി 10:1; 18:1-2). ചുരുളിൽ എഴുതിയിരിക്കുന്നവ നടപ്പിലാക്കാൻ അർഹതയുള്ള ആരുണ്ട് എന്ന ദൂതന്റെ ചോദ്യത്തിന് യെശയ്യാ ശ്രവിച്ച ദൈവത്തിന്റെ ചോദ്യത്തോടു (യെശ. 6:8) സാമ്യമുണ്ട്. ദൈവത്തിനുവേണ്ടി പോകാൻ യെശയ്യാ തയ്യാറായി. എന്നാൽ ഇവിടെ പ്രതികരണം മറിച്ചാണ്. കാരണം, ദൈവവചനം പ്രഘോഷിക്കുന്ന പ്രവാചകനെയല്ല, രക്ഷാകർമ്മം പൂർത്തിയാക്കാൻ കഴിയുന്നവനെയാണ് ദൈവം അന്വേഷിക്കുന്നത്. തിന്മയെ പൂർണ്ണമായി ഉന്മൂലനം ചെയ്യാനോ ദൈവത്തിന്റെ രക്ഷാപദ്ധതി സാക്ഷാല്ക്കരിക്കാനോ ഒരു മനുഷ്യനും ദൂതനും സാധിക്കുകയില്ല എന്ന സത്യം ഇവിടെ ഏറ്റുപറയുന്നു.

**5:4,** തങ്ങൾ അനുഭവിക്കുന്ന പീഡനങ്ങൾക്ക് അറുതി വരുന്നത് കാണാൻ ആകാംക്ഷയോടെ കാത്തിരിക്കുന്ന ജനത്തിന്റെ ഇടയനാണ് യോഹന്നാൻ. ദൈവത്തിന്റെ കൈയിൽ ഇരിക്കുന്ന ചുരുൾ നിവർത്താൻ ആരെയും കണ്ടെത്താൻ കഴിയാത്തതിലുള്ള ദുഃഖം വർദ്ധിപ്പിക്കുന്നു. തിന്മയുടെ പൊരുളും മർദ്ദനത്തിൽ നിന്നു മോചനവും തേടി സ്വർഗ്ഗത്തിന്റെ പടിവാതിൽക്കൽ നില്ക്കുന്ന പ്രവാചകനെ നിരാശ ഗ്രസിക്കുന്നതായി തോന്നും. തന്റെ ജനത്തിന്റെ ദുരവസ്ഥയിൽ ഹൃദയം പൊട്ടിക്കരയുന്ന ഇടയന്റെ ചിത്രമാണ് ഈ വാക്യം അവതരിപ്പിക്കുന്നത്. ക്രിസ്തുവിന്റെ വരവിനുമുമ്പുള്ള മനുഷ്യന്റെയും പ്രപഞ്ചത്തിന്റെയും അവസ്ഥയാണിത് - തിന്മയുടെ തടവറയിൽ മോചനത്തിന്റെ പ്രത്യാശപോലുമില്ലാതെ കഴിയുന്ന മനുഷ്യസമൂഹത്തിന്റെ അവസ്ഥ. യുഗയുഗാന്തങ്ങളായി രക്ഷകനെ കാത്തിരിക്കുന്ന പ്രപഞ്ചത്തിന്റെ ഹൃദയാന്തരാളത്തിൽ നിന്നുയരുന്ന നെടുവീർപ്പുകളും സഹസ്രാബ്ദങ്ങളിലൂടെ മോചകനെ പ്രതീക്ഷിക്കുന്ന മർദ്ദിതരുടെ നിലവിളിയും ഏറ്റുവാങ്ങിയാണ് യോഹന്നാൻ സ്വർഗ്ഗകവാടത്തിൽ തകർന്ന ഹൃദയവും നിറഞ്ഞ കണ്ണുകളുമായി നില്ക്കുന്നത്.

## വെളിപ്പാട് 5:5-7, വിജയം വരിച്ച കുഞ്ഞാട്

മർദ്ദനത്തിന്റെ കാഠിന്യം മോചനത്തിന്റെ സന്തോഷം വർദ്ധിപ്പിക്കുന്നു. കാത്തിരിപ്പിന്റെ ആകാംക്ഷ കണ്ടുമുട്ടലിന്റെ നിർവൃതിക്കു മാറ്റു കൂട്ടുന്നു. പ്രപഞ്ചം മുഴുവൻ മോചനത്തിന്റെ മുഹൂർത്തം ദർശിക്കാനായി ശ്വാസമടക്കി കാത്തുനില്ക്കുന്ന പ്രതീതിയാണ് ദൂതന്റെ വെല്ലുവിളിയും യോഹന്നാന്റെ കണ്ണീരും പ്രദാനം ചെയ്തത്. ഘടനാപരമായി നോക്കുമ്പോൾ സ്വർഗ്ഗീയ സദസിന്റെ വിവരണത്തിന്റെ കേന്ദ്രമാണ് ഈ ഭാഗം. (തുടരും)



# സഭയും മഹാപീഡനവും



യേശുക്രിസ്തു പാപപരിഹാരത്തിനായി ഒരിക്കൽ ഭൂമിയിൽ വന്നു മനുഷ്യവർഗ്ഗത്തിന്റെ പാപം ഏറ്റെടുത്തു പാപിയായ മനുഷ്യനു പകരമായി മരിച്ചു എന്നും, തന്നെ കാത്തിരിക്കുന്നവരെ ചേർക്കുവാൻ രണ്ടാമത് വരുമെന്നും, കർത്താവിന്റെ രണ്ടാം വരവിൽ ക്രിസ്തുവിൽ മരിച്ചവർ ഉയിർത്തെഴുന്നേല്ക്കും എന്നും, ക്രിസ്തുവിൽ ജീവനോടെയുള്ളവർ തേജസ്കരിക്കപ്പെട്ടു കർത്താവിനെ എതിരേൽക്കാൻ മേഘങ്ങളിൽ എടുക്കപ്പെടും എന്നും എല്ലാ യഥാർത്ഥ ക്രിസ്തീയ വിശ്വാസികളും വിശ്വസിക്കുന്നു. ഈ വിശ്വാസത്തിൽ കർത്താവിനെ വിശുദ്ധിയോടെ കാത്തിരിക്കുന്ന എല്ലാ ദൈവമക്കളും എടുക്കപ്പെടും.

എന്നാൽ കർത്താവിന്റെ രണ്ടാം വരവിനെ കുറിച്ച് വിശ്വാസികളുടെ ഇടയിൽ പ്രമുഖമായ രണ്ടു ഉപദേശങ്ങൾ ഉണ്ട്.അതിൽ പ്രധാനമായത് കർത്താവിനു ഇനിയും രണ്ടു വരവ്, അല്ലെങ്കിൽ കർത്താവിന്റെ ഇനിയുള്ള വരവിനു രണ്ടു ഭാഗങ്ങൾ ഉണ്ട് എന്നതാണ്. അതായത് കർത്താവ് ഇനി ഒരിക്കൽ രഹസ്യമായി വരും എന്നും കർത്താവിന്റെ രഹസ്യ വരവിൽ ക്രിസ്തുവിൽ മരിച്ചവർ ഉയിർത്തെഴുന്നേല്ക്കും എന്നും ക്രിസ്തുവിലുള്ള ജീവനോടെയുള്ളവർ തേജസ്കരിക്കപ്പെട്ടു കർത്താവിനെ എതിരേൽക്കാൻ മേഘങ്ങളിൽ എടുക്കപ്പെടും എന്നും, അതിനു ശേഷം എതിർ ക്രിസ്തു വെളിപ്പെടുകയും 7 വർഷം പീഡനവും പീഡനകാലത്തിന്റെ ഒടുവിൽ കർത്താവ് സഭയുമായി പരസ്യമായി വരികയും എതിർ ക്രിസ്തുവിനെയും കൂട്ടരെയും പരാജയപ്പെടുത്തി എതിർ ക്രിസ്തുവിനെ തീപ്പോയ്കയിൽ തള്ളിയിട്ടു ആയിരം ആണ്ടു വാഴ്ച തുടങ്ങുകയും ചെയ്യും എന്നതാണ് ഈ ഉപദേശത്തിന്റെ കാതൽ. ഇതിനെ Pre-Tribulation rapture theory എന്ന് വിളിക്കുന്നു.

എന്നാൽ അത്ര മാത്രം പ്രബലമല്ലാത്ത ഉപദേശം ആണ് അടുത്തത്, അതിൽ കർത്താവ് ഇനി ഒരിക്കൽ കൂടി മാത്രമേ വരികയുള്ളൂ എന്നും അത് പരസ്യമായുള്ളതും, എതിർ ക്രിസ്തു വെളിപ്പെട്ടതിനു ശേഷം ഉള്ളവരവാണ് എന്നും, ആ പരസ്യ വരവ് മഹോപദ്രവകാലം കഴിഞ്ഞിട്ടാണ് എന്നുള്ളതും ആണ്. കർത്താവിന്റെ രണ്ടാം പരസ്യ വരവിൽ ക്രിസ്തുവിൽ മരിച്ചവർ ഉയിർത്തെഴുന്നേൽക്കും എന്നും, ക്രിസ്തുവിലുള്ള ജീവനോടെയുള്ളവർ തേജസ്കരിക്കപ്പെട്ടു കർത്താവിനെ എതിരേൽക്കാൻ മേഘങ്ങളിൽ എടുക്കപ്പെടും എന്നും അവർ കർത്താവിനെ എതിരേറ്റു ഭൂമിയിൽ വന്നു എതിർ ക്രിസ്തുവിനെയും കൂട്ടരെയും പരാജയപ്പെടുത്തി, എതിർ ക്രിസ്തുവിനെ തീപ്പോയ്കയിൽ തള്ളിയിട്ടു ആയിരം ആണ്ടു വാഴ്ച തുടങ്ങുകയും ചെയ്യും എന്നതാണ് ഈ ഉപദേശത്തിന്റെ കാതൽ. ഇതിനെ post-Tribulation rapture theory എന്ന് വിളിക്കുന്നു.

ഇത് കൂടാതെ AD 70 കർത്താവ് വന്നു എന്നും സഭയെ ചേർത്തു കഴിഞ്ഞു എന്നും പഠിപ്പിക്കുന്ന preterism എന്ന ദുരുപദേശവും ഇപ്പോൾ പ്രചരിപ്പിക്കപ്പെടുന്നുണ്ട്. ആ വിഷയം മുൻപ് ചർച്ച ചെയ്തിട്ടുള്ളതായതിനാലും, ഇപ്പോൾ അധികം പ്രചാരം ഇല്ലാത്തതിനാലും ഇപ്പോൾ അത് ചർച്ചാവിഷയമാക്കുന്നില്ല. ഈ ലേഖനത്തിൽ പ്രബലമായ post & pre- tribulation ഉപദേശങ്ങളെ ദൈവവചന അടിസ്ഥാനത്തിൽ ചുരുക്കമായി വിശകലനം ചെയ്യുകയാണ്. പരമ പ്രധാനമായി നാം മനസ്സിലാക്കേണ്ട കാര്യം ഈ രണ്ടു ഉപദേശങ്ങളും രക്ഷയെ ബാധിക്കുന്നത് അല്ല, അതിനാൽ രണ്ടും ദുരുപദേശങ്ങളല്ല. രണ്ടു ഉപദേശങ്ങളും കർത്താവിന്റെ വരവിനു വേണ്ടി ഒരുങ്ങി കാത്തിരിക്കാൻ വിശ്വാസികളെ പ്രബോധിപ്പിക്കുന്നു. കർത്താവിന്റെ വരവിൽ (രഹസ്യമോ, പരസ്യമോ ഒരു വ്യക്തി എടുക്കപ്പെടുന്നതിന്റെ അടിസ്ഥാനം post- pre- tribulation ഉപദേശങ്ങളിൽ ഏതു വിശ്വസിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ അല്ല, മറിച്ച് ആ വ്യക്തി ഒരുങ്ങി ഇരിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ്.

അഥവാ കർത്താവ് വരുമ്പോൾ പ്രധാനമായും നോക്കുന്നത് നാം post അല്ലെങ്കിൽ tribulation ഇതിൽ ഏതാണ് വിശ്വസിക്കുന്നത് എന്നല്ല, മറിച്ചു ഒരു മണവാട്ടിയെപ്പോലെ, ക്രിസ്തുവിനോടുള്ള ഏകാഗ്രതയോടെ,നിർമ്മലതയോടെ വിശുദ്ധിയോടെ ഒരുങ്ങിയിരിക്കുന്നുവോ എന്നാണ്. post- pre- tribulation സംവാദങ്ങളിൽ മുഴുകി നാം നമ്മുടെ ഒരുക്കവും നിർമ്മലതയും, ഏകാഗ്രതയും നഷ്ടപ്പെടുത്തിയാൽ ഇതിൽ ഏതു വിശ്വസിച്ചാലും നമുക്ക് നഷ്ടം സംഭവിക്കും എന്നു നാം അറിഞ്ഞിരിക്കണം.

എന്നാൽ തിരുവചനത്തിലെ എല്ലാ ഉപദേശങ്ങളെയും നാം വ്യക്തമായി മനസ്സിലാക്കുകയും, പഠിക്കുകയും പഠിപ്പിക്കുകയും വേണം. മാത്രമല്ല, ഇതിൽ ഏതു വ്യക്തമായി ഉപദേശമാണ് ദൈവവചനത്തോടു ചേർന്ന് നിൽക്കുന്നത് എന്നും നമ്മെ കർത്താവിനു വേണ്ടി ഒരുക്കാൻ കൂടുതൽ പ്രാപ്തരാക്കുന്നതു എന്നും അറിഞ്ഞിരിക്കണം. അതിനാൽ ഈ ലേഖനത്തെ ആ തരത്തിൽ ഉള്ള ഒരു പഠന വിഷയം എന്ന നിലയിൽ മാത്രം കാണുക.

ഒന്നാമതായി കർത്താവിന്റെ രഹസ്യ വരവും, മഹോപദ്രവത്തിനു മുൻപുള്ള രഹസ്യ എടുക്കപ്പെടലും പഠിപ്പിക്കുമ്പോൾ ഉണ്ടാകുന്ന പ്രധാന പത്തു വ്യാഖ്യാന ബുദ്ധിമുട്ടുകളും, ഉയർത്തപ്പെടുന്ന ചോദ്യങ്ങളും താഴെ കൊടുക്കുന്നു. പത്തിൽ കൂടുതൽ ഉണ്ടെങ്കിലും ലേഖനത്തിന്റെ പരിമിതിയിൽ പ്രധാന പത്തു കാര്യങ്ങൾ മാത്രം എഴുതുന്നു.

1. Pre -tribulation ഉപദേശത്തിൽ സഭ മഹോപദ്രവത്തിൽ കടക്കാതെ എടുക്കപ്പെടും എന്ന് പറയുന്നു എന്നാൽ ബൈബിളിൽ രണ്ടിടത്താണ് മഹാപീഡനം അഥവാ വലിയ കഷ്ടം (great tribulation) എന്ന വാക്ക് വരുന്നത്. രണ്ടിടത്തും ദൈവസഭ, (തിരഞ്ഞെടുക്കപ്പെട്ടവർ, രക്ഷിക്കപ്പെട്ടവർ, രക്ഷ ദാനമായി ലഭിച്ചവർ) അതിൽ കൂടി പോകുന്നതായി കാണുന്നു. വാക്യങ്ങൾ മത്താ.24:31, വെളി.7:14. (തുടരും)



# ഭയം കടന്നുവരുമ്പോൾ






**പു**രാതന റോമിലെ നേതാക്കളിലൊരാളായിരുന്നു ടൈറ്റസ് ആനിയൂസ് മിലോ (9547 ബി.സി.). എന്നാൽ അക്കാലത്തെ പ്രത്യേക രാഷ്ട്രീയ സാഹചര്യത്തിൽ അദ്ദേഹം അധികാരികളുടെ അപ്രീതിക്കു പാത്രമായി. മാത്രമല്ല, കുറ്റമാരോപിച്ച് അധികാരികൾ അദ്ദേഹത്തെ തടവിലാക്കുകയും ചെയ്തു.

മിലോയുടെ കേസ് കോടതിയിൽ വിചാരണയ്ക്കു വന്നപ്പോൾ അദ്ദേഹത്തിനു വേണ്ടി വാദിക്കാനെത്തിയതു മാർക്കസ് ടുള്ളയസ് സിസറോ (10643 ബി.സി) ആയിരുന്നു. മികച്ച പണ്ഡിതനും പ്രഗല്ഭ വാഗ്മിയുമായിരുന്ന സിസറോ, മിലോയുടെ ആത്മാർഥ സുഹൃത്തായിരുന്നു. മാത്രമല്ല, സിസറോയ്ക്കു മിലോയോടു വലിയ കടപ്പാടുമുണ്ടായിരുന്നു. ഒരു കാലത്തു റോമൻ ഭരണാധികാരികൾ നാടുകടത്തിയ സിസറോയെ തിരികെ കൊണ്ടുവന്നതു മിലോ ആയിരുന്നു.

തന്റെ ആത്മമിത്രവും ഗുണകാംക്ഷിയുമായ മിലോയ്ക്കുവേണ്ടി കേസ് വാദിക്കാൻ സിസറോ കോടതിയിലെത്തി. പക്ഷേ, പെട്ടെന്നുണ്ടായ ഭയംമൂലം ശരിയായ രീതിയിൽ കേസ് വാദിക്കുന്നതിൽ സിസറോ പരാജയപ്പെട്ടു. മിലോയുടെ കേസ് വാദിക്കുന്നതിൽ സിസറോയ്ക്കു നേരിട്ട പരാജയം മിലോയുടെ നാടുകടത്തലിലാണ് കലാശിച്ചത്.



തന്റെ സുഹൃത്തും ഗുണകാംക്ഷിയുമായ മിലോയെ രക്ഷിക്കുന്നതിൽ തനിക്കു നേരിട്ട പരാജയം സിസറോയെ തളർത്തി. എങ്കിലും തന്റെ പരാജയത്തിനുള്ള ഒരു പരിഹാരമെന്നനിലയിൽ സിസറോ മിലോയുടെ കേസ് വീണ്ടും ശരിക്കു പഠിച്ചു. എന്നിട്ട്, കോടതിയിൽ താൻ എങ്ങനെയായിരുന്നോ ആ കേസ് വാദിക്കേണ്ടിയിരുന്നത് അതുപോലെ തന്റെ വാദം മുഴുവനും അദ്ദേഹം കടലാസിൽ എഴുതി. അതിനുശേഷം അതിന്റെ കോപ്പി മിലോയ്ക്ക് അയച്ചുകൊടുത്തു.

ലത്തീൻ ഭാഷയിൽ രചിക്കപ്പെട്ട "പ്രോ മിലോനെ" എന്ന സിസറോയുടെ ആ പ്രസംഗത്തിന്റെ കോപ്പി ഇപ്പോഴും ലഭ്യമാണ്. ലത്തീൻ ഭാഷാ വിദ്യാർഥികൾ പലപ്പോഴും പഠിക്കുന്ന ഈ പ്രസംഗത്തിന്റെ പ്രത്യേകത സിസറോ തന്റെ ഭയത്തെക്കുറിച്ച് ഇതിൽ പ്രതിപാദിക്കുന്നു എന്നുള്ളതാണ്. തന്റെ ഭയത്തെക്കുറിച്ച് പരാമർശിച്ചിട്ട് അതിനുള്ള കാരണം അടിസ്ഥാനരഹിതമാണെന്നു വാദിക്കുന്ന സിസറോ യഥാർഥത്തിൽ വളരെ തന്ത്രപരമായ ഒരു സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്.

മിലോയുടെ വിധികർത്താക്കളായ ജഡ്ജിമാരും അധികാരികളെ ഭയപ്പെട്ടിരുന്നു. എന്നാൽ, ജഡ്ജിമാർ അധികാരികളെ ഭയപ്പെടേണ്ട കാര്യമില്ലെന്നും ഭയംകൂടാതെ മിലോയുടെ കേസ് വാദിക്കണമെന്നും അവരെ ഓർമിപ്പിക്കുവാൻ വേണ്ടിയായിരുന്നു സിസറോ തന്റെ ഭയത്തെക്കുറിച്ചും അതിന്റെ അടിസ്ഥാനരാഹിത്യത്തെക്കുറിച്ചും പരാമർശിച്ചുകൊണ്ടു വാദം തുടങ്ങിയത്.

'പ്രോ മിലോനെ'യിൽ സിസറോ എഴുതിയിരിക്കുന്നതുപോലെ കോടതിയിൽ നേരത്തേ വാദിക്കുവാൻ സിസറോയ്ക്കു സാധിച്ചിരുന്നെങ്കിൽ ഒരുപക്ഷേ മിലോ ശിക്ഷിക്കപ്പെടുമായിരുന്നില്ല. എന്നാൽ ഭയത്തിനടിപ്പെട്ട സിസറോയ്ക്ക് അതു സാധിച്ചില്ല. തന്മൂലം മിലോയ്ക്ക് നാടുകടത്തൽ എന്ന ശിക്ഷ അനുഭവിക്കേണ്ടിവന്നു.

ഭയം! എല്ലാ മനുഷ്യരും ഒരവസരത്തിലല്ലെങ്കിൽ മറ്റൊരവസരത്തിൽ അനുഭവിക്കുന്ന പ്രത്യേക പ്രതിഭാസമാണത്. നാം അറിയാതെയാണ് ഓരോരോ രീതിയിൽ പലപ്പോഴും ഭയം നമ്മിലേക്കു കടന്നുവരുന്നത്. തന്മൂലം ഭയത്തിനടിപ്പെട്ടു വെറുതെ വിറകൊള്ളാനല്ലാതെ ഭയത്തിൽ നിന്നു മോചിതരാകാൻ നമുക്കു സാധിക്കാതെ പോകുന്നു.

സിസറോ പ്രസംഗിക്കുന്നതിലും കേസ് വാദിക്കുന്നതിലുമൊക്കെ ബഹുകേമനായിരുന്നു. പക്ഷേ, അകാരണമായുണ്ടായ ഭയം അദ്ദേഹത്തെ തളർത്തി. തന്മൂലം കോടതിയിൽ മിലോയ്ക്കുവേണ്ടി നടത്തിയ വാദം വലിയ പരാജയമായി.

നമ്മുടെ ജീവിതത്തിലും സംഭവിക്കുന്നത് ഇതുപോലെയാണ്. ശരിയായ കാരണം കൂടാതെ പലപ്പോഴും നാം ഭയത്തിന് അടിമകളാകുന്നു. അതു വഴി നമ്മുടെ ജീവിതം പരാജയത്തിൽ കലാശിക്കുന്നു.

ജീവിതത്തിൽ ന്യായമായുള്ള ഭയം നമുക്കു നല്ലതുതന്നെ. ഉദാഹരണമായി വന്യമൃഗങ്ങളോടും ഹിംസ്രജന്തുക്കളോടും നമുക്കുള്ള ഭയം അവയിൽനിന്ന് അകന്നു നില്ക്കാൻ സഹായിക്കും. എന്നാൽ, വനത്തിൽ കഴിയുന്ന വന്യമൃഗങ്ങളെയോർത്ത് അകലെ സുരക്ഷിതസ്ഥാനത്തിരുന്നു കൊണ്ടു നാം ഭയപ്പെടണോ? അവ നമ്മുടെ അടുത്തുവരുന്ന സാഹചര്യം ഉണ്ടാകട്ടെ, അല്ലെങ്കിൽ, അവയുടെ അടുത്തു നമുക്കു പോകേണ്ടിവരുന്ന അവസരമുണ്ടാകട്ടെ; അപ്പോൾ വന്യമൃഗങ്ങളെക്കുറിച്ചു ഭയപ്പെടുന്നതിൽ അർഥമുണ്ട്. എങ്കിൽപ്പോലും ഇങ്ങനെയുള്ള അവസരങ്ങളിലും ഭയപ്പെടാൻ മതിയായ കാരണമുണ്ടോ എന്നല്ല നാം അന്വേഷിക്കേണ്ടത്. പ്രത്യുത, എങ്ങനെയാണ് അപകട സാഹചര്യം തരണം ചെയ്യുവാൻ സാധിക്കുക എന്നാണ് ആലോചിക്കേണ്ടത്.

ഗാന്ധിജി എഴുതിയ ഒരു പ്രാർഥനയിൽ ഇപ്രകാരം കാണുന്നു: "ഭൂമിയിൽ ആരെയും ഞാൻ ഭയപ്പെടുകയില്ല. ദൈവത്തെ മാത്രമേ ഞാൻ ഭയപ്പെടുകയുള്ളൂ." ആരെയും ഒന്നിനെയും ഭയപ്പെടാതെ ജീവിക്കുവാൻ ശ്രമിച്ചയാളാണ് ഗാന്ധിജി. ഗാന്ധിജിക്കു ദൈവത്തെ ഭയമുണ്ടായിരുന്നു. പക്ഷേ, പേടിപ്പെടുത്തുന്ന ഭയമായിരുന്നില്ല അത്. പ്രത്യുത സ്നേഹത്തിലധിഷ്ഠിതമായ ഭയം.

ദൈവത്തെയൊഴികെ ആരെയും ഒന്നിനെയും നാം പേടിക്കേണ്ട കാര്യമില്ല. എന്നാൽ, നാം ദൈവത്തെ സ്നേഹിക്കുന്നവരാണെങ്കിൽ നാം പേടിക്കേണ്ടതില്ല എന്നതാണ് യാഥാർഥ്യം. എന്നുമാത്രമല്ല, അവിടുത്തെ ശക്തിവഴി ഏതു ഭയത്തിൽ നിന്നും മോചനം നേടുവാൻ നമുക്കു സാധിക്കും.

നമ്മെ ഭയപ്പെടുത്തുന്ന ശക്തികളെയും ജീവിതസാഹചര്യങ്ങളെയും നാം അഭിമുഖീകരിക്കുമ്പോൾ നാം തിരിയേണ്ടതു നമ്മെ സ്നേഹിക്കുന്ന ദൈവത്തിലേക്കാണ്. കാരണം, നമ്മുടെ സകലഭയങ്ങളെയും ദൂരീകരിക്കുവാനുള്ള ശക്തിയും സന്നദ്ധതയും അവിടുത്തേക്കുണ്ട്.




# ജീവിതം തമാശയല്ല



**ഒ**രു സുഹൃത്തിന്റെ അനുഭവമാണ്. അവൾക്ക് വളരെ അപ്രതീക്ഷിതമായി ഫേസ്ബുക്കിൽ ഒരു റിക്വസ്റ്റ് വന്നു. നോക്കിയപ്പോൾ അവളുടെ സഹോദരന്റെ ഒരു പഴയ സുഹൃത്താണ്. നന്നേ ചെറുപ്പത്തിൽ സഹോദരനോടൊപ്പം പലതവണ വീട്ടിൽ വന്നിട്ടുണ്ട്.

"സുഖമാണോ..." എന്നു തുടങ്ങിയ ചില കുശലാന്വേഷണങ്ങൾക്കൊടുവിൽ അയാൾ അയാളുടെയും ഭാര്യയുടെയും വാട്സാപ്പ് നമ്പർ കൊടുത്തു. ഭാര്യയോട് അവളെക്കുറിച്ച് പറഞ്ഞിട്ടുണ്ടെന്നും ഇടയ്ക്കിടെ മെസേജ് അയയ്ക്കണേ എന്നും ഓർമ്മപ്പെടുത്തി.



രണ്ടുദിവസം കഴിഞ്ഞപ്പോൾ അവൾക്ക് ഒരു ഗുഡ്മാർണിംഗ് മെസേജ് വന്നു. അവളും തിരികെ വിഷ് ചെയ്തു. അയാളുടെ വൈഫ് ഇന്നു മെസേജ് അയച്ചോ എന്ന് അന്വേഷിച്ചു. ഇല്ല എന്നു പറഞ്ഞപ്പോൾ നിർബന്ധിച്ച് ആ കുട്ടിക്ക് മെസേജ് അയപ്പിച്ചു. അങ്ങനെ അവരുമായി നല്ലൊരു സുഹൃത്ബന്ധം ഉണ്ടാക്കിയെടുത്തു.

അപ്പോഴും ഈ ചങ്ങാതി ഇടയ്ക്കിടെ ഫോർവേർഡ് മെസേജ് ഒക്കെ അയയ്ക്കുന്നുണ്ടായിരുന്നു. അവളുടെ ഇഷ്ടങ്ങളൊക്കെ ചോദിച്ചു മനസിലാക്കി ഇഷ്ടമുള്ള പാട്ടുകളും അയച്ചു. താൻ ചാറ്റ് ചെയ്യുന്ന കാര്യം സഹോദരനോട് പറയരുതെന്നു പറഞ്ഞ് വിലക്കി.

ഒരാഴ്ച കഴിഞ്ഞപ്പോൾ അയാൾ അവളോട് പറഞ്ഞു. 'അവളെ ഇഷ്ടമായിരുന്നു... സഹോദരനെ പേടിച്ച് പറയാതിരുന്നതാണ്... ഇപ്പോഴും അയാളുടെ മനസിൽ അവൾ തന്നെയാണ്..'എന്നൊക്കെ. അവളുടെ വിവാഹത്തിന്റെ തലേന്ന് വന്നിരുന്നതും, പണ്ട് നടന്നിരുന്ന കാര്യങ്ങളുമൊക്കെ എണ്ണിയെണ്ണി പറയുന്നതു കേട്ട് അവളുടെ മനസൊന്നു പിടഞ്ഞു. സഹതാപം, അനുകമ്പ ഒക്കെ അവളിൽ ഉടലെടുത്തു.

രണ്ട് ഓമനകളായ കുഞ്ഞുങ്ങളും അവളെ മാത്രം സ്നേഹിക്കുന്ന ഭർത്താവും അവൾക്കുണ്ട്. എന്നിട്ടും ഒരുനിമിഷം മനസ് കൈവിട്ടു. അയാൾ പിന്നെ ഇടയ്ക്കിടെ ശബ്ദസന്ദേശമൊക്കെ അയയ്ക്കാൻ തുടങ്ങി. ഭർത്താവ് അറിയാതെ അയാളുമായി കോൺടാക്ട് ചെയ്യാനുള്ള വഴികളും പറഞ്ഞു കൊടുത്തു.

അവൾക്ക് താൻ ചെയ്യുന്നതിന്റെ തെറ്റ് മനസിലാകുന്നുണ്ടായിരുന്നു. അതുകൊണ്ടുതന്നെ അവൾ വഴങ്ങിയില്ല. അയാളുടെ പാവം ഭാര്യ ഇതൊന്നു മറിയാതെ അവളെ ഇടയ്ക്കിടയ്ക്ക് വിളിച്ചുകൊണ്ടിരുന്നു.

ഭാര്യയെക്കുറിച്ചു പറയുമ്പോൾ അയാൾക്കു നൂറു നാവാണ്. ആ സ്ത്രീയെപ്പോലെ സ്വഭാവഗുണമുള്ള വേറൊരാൾ ഇല്ല എന്നൊക്കെ പറയും. അയാളുടെ നന്മയ്ക്കു വേണ്ടി പ്രാർത്ഥനയോടെ കഴിയുന്ന ഒരു പാവം.. പക്ഷെ അയാളുടെ മനസ് മുഴുവൻ ഇവളാണത്രെ!

ആ പറച്ചിൽ അവളെ ഇരുത്തി ചിന്തിപ്പിച്ചു. ഭാര്യയെ ഇത്രയ്ക്ക് ഇഷ്ടമുള്ള, അവളിൽ ഒരു തെറ്റും കണ്ടുപിടിക്കാത്ത ഇയാൾ പിന്നെ എന്തിന് തന്നോടിങ്ങനെ..? അപ്പോഴേക്കും കുടുബത്തിലെ പല കാര്യങ്ങളിലും അവൾക്ക് ശ്രദ്ധ കുറഞ്ഞിരുന്നു.

ഒരു ദിവസം അവൾ അയാളോട് ചോദിച്ചു. 'നിങ്ങൾക്ക് എന്നേ ഇഷ്ടമായിരുന്നു എന്നു പറയുംപോലെ നിങ്ങളുടെ ഭാര്യയ്ക്കും ആരോടെങ്കിലും ഇഷ്ടമുണ്ടായിരുന്നില്ല എന്നുറപ്പുണ്ടോ. നിങ്ങളറിയാതെ ഭാര്യ ആരെയെങ്കിലും വീഡിയോ കാൾ ചെയ്യുന്നുണ്ടോ എന്ന് ആർക്കറിയാം.'

അവൾ പ്രതീക്ഷിക്കാത്ത മറുപടിയായിരുന്നു അയാളിൽ നിന്നു ലഭിച്ചത്. "എന്റെ ഭാര്യ അത്തരക്കാരിയല്ല." അവളൊന്നു ഞെട്ടി, എന്നിട്ട് സ്വയം ചോദിച്ചു. അപ്പോൾ ഞാനോ..?

കാര്യം ഇത്രയെ ഉള്ളൂ, തനിക്ക് എന്തു വേണേലും ആകാം. പക്ഷേ തന്റെ പങ്കാളി തന്നെ മാത്രമേ സ്നേഹിക്കാവൂ... ഇപ്പുറത്തു മാറി ചാറ്റിംഗ്, മെസേജ്... ഇനി തന്റെ പങ്കാളിക്ക് ചുറ്റിക്കളി ഉണ്ടെന്ന് അറിയുമ്പോൾ ഉണ്ടാകുന്ന ഒരു ഞെട്ടലുണ്ടല്ലോ. അയ്യോ ഒന്നും പറയണ്ട... എന്തായാലും നമ്മുടെ കക്ഷി അധികം വൈകാതെ അയാളെ ബ്ലോക്ക് ചെയ്തു. ഒപ്പം അയാളുടെ ഭാര്യയെയും

സ്നേഹമുള്ള ഭാര്യ/ഭർത്താവ് ഒപ്പമുള്ളപ്പോൾ എന്തിനാണ് വിവാഹേതര ബന്ധങ്ങൾക്ക് താല്പര്യം കാണിക്കുന്നത്. തമാശക്കോ? ജീവിതം ഒരു തമാശയാണോ?

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30–ൽ പരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക



# വേദാഭിമാനിയുടെ മറുപടി

**ഞാനാകുന്നു എന്നത് ഗ്രീക്കു ദേവന്മാരുടെ അവകാശവാദമാണ്. സത്യത്തിൽ ഇതൊരു മിത്താണ്. ഈ അവകാശവാദം ക്രിസ്ത്യാനികളുടെ ദൈവത്തിന്റെതാകുന്നതെങ്ങനെ. ഞാനാകുന്നു എന്നതുകൊണ്ട് ബൈബിൾ എന്താണ് അർത്ഥമാക്കുന്നത്?**

- ജോൺസൻ പനവേലിൽ, പുലിമുട്ടം, കൊറ്റമ്പള്ളി, തിരുവനന്തപുരം

"ഞാൻ ആകുന്നു" എന്ന അവകാശവാദം ഗ്രീക്ക് മതത്തിലും കാണാവുന്നതാണ്. അത് ഗ്രീക്ക് ദേവന്മാരുടെയോ ദൈവീകത്വത്തിന്റെയോ അവകാശവാദം ആയിരുന്നു. ഈ പശ്ചാത്തലത്തിൽ ആണ്, യോഹന്നാൻ യേശുക്രിസ്തു പറഞ്ഞ, "ഞാൻ ആകുന്നു" എന്ന പ്രസ്താവനകൾ അവതരിപ്പിക്കുന്നത്. ഗ്രീക്ക് ദേവന്മാരുടെ അവകാശവാദവും സാക്ഷാൽ ദൈവമായിരിക്കുന്ന യേശുക്രിസ്തുവിന്റെ പ്രസ്താവനകളും തമ്മിലുള്ള വൈപരീത്യം ആണ് യോഹന്നാൻ ചൂണ്ടിക്കാണിക്കുന്നത്. ആരാണ് സത്യ ദൈവം, ഗ്രീക്ക് ദേവന്മാരോ അതോ സാക്ഷാൽ ദൈവപുത്രൻ ആയിരിക്കുന്ന യേശുക്രിസ്തുവോ? ഇതാണ് യോഹന്നാൻ പറയുവാൻ ശ്രമിക്കുന്നത്.

ഗ്രീക്ക് ഭാഷയിൽ ഈഗോ എയ്മി (ego eimi) എന്ന വാക്കിന്റെ അർത്ഥം, "അത് ഞാൻ ആകുന്നു" എന്നാണ്. അത് ഒരു വ്യക്തിയെ തിരിച്ചറിയുവാനായി പറയുന്ന പദം ആയിരുന്നു. ഒപ്പം തന്നെ, "അത് ഞാൻ തന്നെ ആണ്" എന്നും, "ഞാൻ മാത്രമാണ്" എന്നും ഉറപ്പിച്ച് പറയുവാനും ഇതേ പദം ഗ്രീക്കുകാർ ഉപയോഗിച്ചിരുന്നു. ഈ അർത്ഥം യേശുക്രിസ്തു പറഞ്ഞ "ഞാൻ ആകുന്നു" പ്രസ്താവനകളിലും കാണാം. "ഞാൻ ആകുന്നു" എന്നത്, ഞാൻ അല്ലാതെ മറ്റാരും ഇല്ല എന്ന ധ്വനി നല്കുന്നു. മറ്റൊരു ദേവന്റെയോ, മനുഷ്യന്റെയോ അവകാശവാദങ്ങളെ റദ്ദാക്കുന്നു.

"ഞാൻ ആകുന്നവൻ ഞാൻ ആകുന്നു"

വേദപുസ്തകത്തിലെ ആദ്യത്തെ "ഞാൻ ആകുന്നു" എന്ന പ്രസ്താവന നമ്മൾ വായിക്കുന്നത് പുറപ്പാട് 3:14 ൽ ആണ്. അവിടെ യഹോവയായ ദൈവം മോശയെ കണ്ടുമുട്ടുകയാണ്. ദൈവം സ്വയം പരിചയപ്പെടുത്തുന്നത്, "ഞാൻ ആകുന്നവൻ ഞാൻ ആകുന്നു" എന്ന് പറഞ്ഞാണ്. 400 ൽ അധികം വർഷങ്ങളായി മിസ്രയീമിൽ അടിമത്വത്തിൽ ആയിരുന്ന യിസ്രായേൽ ജനത്തെ വിടുവിക്കുവാനായി ദൈവം മോശെയെ നിയമിക്കുന്നതാണ് സന്ദർഭം. എന്നാൽ യിസ്രായേൽ ജനത്തിന്റെ അടുക്കൽ ചെന്നിട്ട്, വാഗ്ദത്ത ദേശത്തെക്കുറിച്ചോ, ദൈവം പ്രത്യക്ഷമായതിനെക്കുറിച്ചോ, ദൈവം അവരെ വിടുവിക്കുവാൻ പോകുന്നു എന്നോ പറഞ്ഞാൽ ആരും വിശ്വസിക്കുകയില്ല. മോശെ ആരെയാണ് കണ്ടത്, ആരാണ് മോശെയോട് സംസാരിച്ചത് എന്ന് അവൻ ജനത്തോട് പറയേണ്ടിവരും. അതിനാൽ മോശെ കണ്ട ദൈവത്തിന്റെ നാമം എന്തു എന്ന് യിസ്രായേൽ ജനം ചോദിച്ചാൽ അതിനു എന്തു മറുപടി പറയേണം എന്ന് അവൻ ദൈവത്തോട് ചോദിച്ചു.

ഇത് വളരെ രസകരമായ ഒരു ചോദ്യമാണ്. ദൈവത്തിന്റെ നാമം എന്തു എന്നു മോശെ ചോദിച്ചു എന്നു പറയുമ്പോൾ, അതുവരെ മോശെയ്ക്ക് പോലും ദൈവത്തിന്റെ നാമം എന്തു എന്നു അറിയുക ഇല്ലായിരുന്നു എന്നു വ്യക്തമാണ്. അതുവരെ ഒരു പേരിൽ അറിയപ്പെടാതെ ഇരുന്ന ദൈവത്തിന് ഒരു നാമം ഉണ്ടായിരിക്കും എന്നു മോശെ ചിന്തിച്ചു. യിസ്രായേൽ ജനവും അന്നുവരെ അവരുടെ പിതാക്കന്മാരുടെ ദൈവത്തിന്റെ നാമം എന്ത് എന്നു അറിഞ്ഞിട്ടില്ല. എങ്കിലും അവർ അത് മോശെയോട് ചോദിച്ചേക്കാം എന്ന് മോശെ ചിന്തിച്ചു. എന്തുകൊണ്ടാണ് മേശ ഇങ്ങനെ ചിന്തിച്ചത്?



മോശെയുടെ കാലമായപ്പോഴേക്കും, യിസ്രായേൽ ജനം നാനൂറിൽ അധികം വർഷങ്ങൾ ആയി മിസ്രയീമിൽ അടിമകളായി ജീവിക്കുക ആയിരുന്നു. മിസ്രയീമിലേക്ക് കുടിയേറി താമസിച്ച അവരുടെ പൂർവ്വപിതാക്കന്മാരും അവരുടെ തലമുറയും മരിച്ചു കഴിഞ്ഞു. മിസ്രയീമിലെ ദേവന്മാരിൽ നിന്നും വ്യത്യസ്തനായ ഒരു ദൈവമാണ് അവരുടെ പിതാക്കന്മാരുടെ ദൈവം എന്ന് അവർക്കറിയാം. എന്നാൽ ആ ദൈവത്തിന്റെ പേര് അവർക്ക് അറിയില്ല. ആദ്യ തലമുറകൾ മരിച്ചു കഴിഞ്ഞപ്പോൾ, യിസ്രയേലിൽ ചിലരെങ്കിലും മിസ്രയീമ്യ ദേവന്മാരെയും, അവരുടെ പിതാക്കന്മാരുടെ ദൈവത്തോടൊപ്പം ആരാധിച്ചിരുന്നു എന്നതിന് വേദപുസ്തകത്തിൽ തെളിവുകൾ ഉണ്ട്. മിസ്രയീമിൽ അനേകം ദേവന്മാർ ഉണ്ടായിരുന്നു എങ്കിലും, അവർക്ക് ഓരോരുത്തർക്കും പ്രത്യേകം പേരുകൾ ഉണ്ടായിരുന്നു. മിസ്രയീമ്യ ദേവന്മാർക്ക് പ്രത്യേകം രൂപങ്ങളും ഉണ്ടായിരുന്നു. അവരുടെ ദേവന്മാരെ അവർ ജീവജാലങ്ങളുടെയും പ്രകൃതി വിഭവങ്ങളുടെയും പേരിലും രൂപത്തിലും ആരാധിച്ചു. ഈ പശ്ചാത്തലത്തിൽ ജനിച്ച്, ജീവിച്ച് വന്ന മോശെയും യിസ്രായേൽ ജനവും, അവരുടെ പിതാക്കന്മാരുടെ ദൈവത്തിനും ഒരു പേരുണ്ടായിരിക്കും എന്ന് ചിന്തിക്കുന്നത് സ്വാഭാവികം മാത്രമാണ്. അതാണ് മോശെ ദൈവത്തോട് ചോദിച്ചതും, യിസ്രായേൽ ജനം ചോദിക്കും എന്ന് പ്രതീക്ഷിച്ചതും.

എന്നാൽ സർവ്വശക്തനായ സാക്ഷാൽ ദൈവത്തിന് ഒരു പേരിന്റെ ആവശ്യമില്ലായിരുന്നു. പേര് ഒരു വ്യക്തിയെ മറ്റൊരാളിൽ നിന്നും വേർതിരിച്ച് കാണിക്കുവാൻ ഉള്ളതാണ്. എന്നാൽ ദൈവം ഒരാൾ മാത്രമേ ഉള്ളൂ. അവിടുത്തെ വേർതിരിച്ച് കാണിക്കുവാൻ, മറ്റൊരാൾ ദൈവമായി ഇല്ല. ദൈവത്തിന് പേരിന്റെ ആവശ്യമില്ല. കാരണം ദൈവം, ദൈവം ആണ്. അവൻ മാത്രമാണ് ദൈവം. അതിനാൽ ദൈവം ഇങ്ങനെ മറുപടി പറഞ്ഞു:



പുറപ്പാട് 3:14 അതിന്നു ദൈവം മോശെയോടു ഞാൻ ആകുന്നവൻ ഞാൻ ആകുന്നു; ഞാൻ ആകുന്നു എന്നുള്ളവൻ എന്നെ നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു എന്നിങ്ങനെ നീ യിസ്രായേൽ മക്കളോടു പറയേണം എന്നു കല്പിച്ചു. ഇവിടെ "ഞാൻ ആകുന്നു" എന്നതാണു ദൈവത്തിന്റെ നാമം. ഈ നാമത്തിൽ, ദൈവത്തിന്റെ എല്ലാ, ആത്മീയ മർമ്മവും, സ്വഭാവ വിശേഷങ്ങളും, സത്വവും, അസ്തിത്വവും അടങ്ങിയിട്ടുണ്ട്. ദൈവത്തെക്കുറിച്ച് നമ്മൾ അറിയേണ്ടതെല്ലാം ഈ നാമത്തിൽ അടങ്ങിയിട്ടുണ്ട്.

അവൻ അബ്രഹാമിന്റെയും, യിസ്ഹാക്കിന്റെയും, യാക്കോബിന്റെയും ദൈവമാണ്. അവൻ പിതാക്കന്മാരുടെ ദൈവമായിരുന്നതുപോലെ, മാറ്റമില്ലാതെ, യിസ്രായേൽ ജനത്തിന്റെയും ദൈവമായിരിക്കും. വാഗ്ദത്ത ദേശം ദൈവം അബ്രാഹാമിനും യിസ്ഹാക്കിനും യാക്കോബിനും വാഗ്ദത്തം ചെയ്തതാണ്. അതേ ദേശം ഇപ്പോൾ യിസ്രായേൽ ജനത്തിനും വാഗ്ദത്തം ചെയ്യുകയാണ്. അവൻ വാഗ്ദത്തത്തെ നിവർത്തിക്കുന്ന ദൈവം ആണ്.

എന്നാൽ, ദൈവം "ഞാൻ ആകുന്നവൻ ഞാൻ ആകുന്നു" എന്നു പറഞ്ഞപ്പോൾ അതിൽ വാഗ്ദത്തങ്ങളുടെ നിവർത്തി മാത്രമല്ല ഉണ്ടായിരുന്നത്. മിസ്രയീമ്യ ദേവന്മാർക്ക് ഉള്ളതുപോലെയുള്ള ഒരു പേരിൽ ഒതുങ്ങി നില്ക്കുവാൻ ദൈവത്തിന് കഴിയുകയില്ല. അവൻ ജാതീയ ദേവന്മാരെപ്പോലെയുള്ള മറ്റൊരു ദൈവമല്ല. അവൻ മിസ്രയീമ്യ ദേവന്മാർക്ക് തുല്യനല്ല. ദൈവത്തെ ജാതീയ ദേവന്മാരുമായി തുലനം ചെയ്യുവാൻ കഴിയുകയില്ല. അവൻ മിസ്രയീമ്യ ദേവന്മാരുടെ ശത്രു അല്ല. മിസ്രയീമ്യ ദേവന്മാരെ അവൻ വെല്ലുവിളിക്കുന്നില്ല, അവരോടു ദൈവം മത്സരിക്കുന്നതും ഇല്ല. കാരണം, അവിടുന്ന് മാത്രമാണ് ഏക സത്യ ദൈവം. മിസ്രയീമ്യ ദേവന്മാർ മനുഷ്യരുടെ സങ്കല്പ്പങ്ങളും, കൈപ്പണിയും, വ്യാജവും ആണ്. ദൈവം നിത്യനായി വസിക്കുന്ന ദൈവമാണ്. അവന് സമയമോ, കാലങ്ങളോ ഇല്ല. അവൻ ആരംഭവും അവസാനവും ഇല്ല. അവൻ സൃഷ്ടിക്കപ്പെട്ടത് അല്ല, അവനാണ് സകലതും സൃഷ്ടിച്ചത്. അവൻ നിത്യനാണ്.

യേശുക്രിസ്തുവിന് മുമ്പ്, ഗ്രീക്ക് തത്വ ചിന്തകൻ ആയിരുന്ന പ്ലേറ്റോ അദ്ദേഹത്തിന്റെ പാർമെനൈഡ്സ് എന്ന കൃതിയിൽ ദൈവത്തെക്കുറിച്ച് ചില പരമർശങ്ങൾ നടത്തിയിട്ടുണ്ട്. (Parmenides). ദൈവത്തിന്റെ പ്രകൃതിയെ ശരിയായി വെളിപ്പെടുത്തുവാൻ യാതൊന്നിനാലും കഴിയുക ഇല്ല എന്നാണ് അദ്ദേഹം പറഞ്ഞത്. ഒരു പേരും അവന് നല്കുവാൻ കഴിയുക ഇല്ല എന്നും അദ്ദേഹം പറഞ്ഞു. പ്ലേറ്റോയുടെ അഭിപ്രായം കൂടി പരിഗണിച്ചാൽ, മോശെയ്ക്ക് വെളിപ്പെട്ട ദൈവം, സ്വയംഭൂവാണ്, സ്വയം നിലനില്ക്കുന്നതാണ്, നിത്യമാണ്, മനുഷ്യനു പൂർണ്ണമായി ഗ്രഹിക്കുവാൻ കഴിയാത്തവനാണ്.

ദൈവം മോശെയോട് പറഞ്ഞ അതേ വാക്കുകൾ യേശു തന്നെക്കുറിച്ച് പറയുവാൻ ഉപയോഗിച്ചപ്പോൾ, അവൻ ദൈവമാണ് എന്നും അവകാശപ്പെടുക ആയിരുന്നു. യേശുക്രിസ്തു ആണ് ആരംഭവും, ഇപ്പോഴുള്ളതും, അവസാനവും. അവനാണ് യിസ്രയേല്യരുടെ പിതാക്കന്മാരായ അബ്രാഹാമിന്റെയും, യിസ്ഹാക്കിന്റെയും, യാക്കോബിന്റെയും ദൈവം. യേശുക്രിസ്തു, "ഞാൻ ആകുന്നു" എന്നു പറഞ്ഞപ്പോൾ, അവൻ വർത്തമാന കാലത്തിൽ ആണ് സംസാരിച്ചത്. അവൻ ആയിരുന്നു എന്നോ, അവൻ ആയിരിക്കും എന്നോ അല്ല യേശു പറഞ്ഞത്. "ഞാൻ ആകുന്നു" എന്നാണ് പറഞ്ഞത്.

1. ഞാൻ ജീവന്റെ അപ്പം ആകുന്നു

യേശു പറഞ്ഞ ആദ്യത്തെ "ഞാൻ ആകുന്നു' പ്രസ്താവന യോഹന്നാൻ 6:35 ൽ ആണ് രേഖപ്പെടുത്തിയിരിക്കുന്നത്. വാക്യം ഇങ്ങനെയാണ്:

യേശു അവരോടു പറഞ്ഞതു: "ഞാൻ ജീവന്റെ അപ്പം ആകുന്നു; എന്റെ അടുക്കൽ വരുന്നവന്നു വിശക്കയില്ല; എന്നിൽ വിശ്വസിക്കുന്നവന്നു ഒരുനാളും ദാഹിക്കയുമില്ല.

ഇതേ വാചകം യേശുക്രിസ്തു, അതേ അദ്ധ്യായം 48 ആം വാക്യത്തിലും 58 ആം വാക്യത്തിലും ആവർത്തിക്കുന്നുണ്ട്. അയ്യായിരത്തിലധികം പേരെ അപ്പവും മീനും കൊടുത്ത് തൃപ്തിപ്പെടുത്തിയതിനു ശേഷമാണ് യേശുക്രിസ്തു ഈ പ്രസ്താവന പറയുന്നത്. അതിന്റെ പശ്ചാത്തലം ഇങ്ങനെ ആയിരുന്നു. വലിയ ഒരു കൂട്ടം ജനത്തെ ഒന്നുമില്ലായ്കയിൽ നിന്നും ഭക്ഷണം നല്കി പോഷിപ്പിച്ചത് ഒരു അടയാളമാണ്. അത് അവർക്ക്, അങ്ങനെ മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. എങ്കിലും യേശു അത് വിശദീകരിച്ചു കൊടുത്തു. (തുടരും)

WEBSITE
vedabhimani.com
FACE BOOK
vedabhimani
MAIL
vedabhimani@gmail.com
YouTube
vedabhimani.com

VEDABHIMANI
EXPERIENCE THE POWER OF TRUTH
Annual Subscription Rs. 250/-

Postal Registered No : KL/MVK/184/2021-2023
Licence No. KL/CR/MVK/WPP-03/2021-23
Licensed to post without prepayment
Posted on 15, 20 Oct: 2023 at RMS Kayamkulam
Published on Ist Oct: 2023
RNI Registered No. KERMAL/2002/7361

# തോമാശ്ലീഹായും ബ്രാഹ്മണരും
## വ്യാജചരിത്ര വ്യാഖ്യാനങ്ങൾ

### ഡോ. എം. ജി. എസ്. നാരായണൻ

മലയാളികളെ സവർണ്ണ സ്വത്വബോധമാണു നയിക്കുന്നതെന്ന കാര്യത്തിൽ സംശയമില്ല. തങ്ങൾ ശ്രേഷ്ഠ ജന്മങ്ങളാണെന്നു സ്ഥാപിച്ചെടുക്കാൻ വേണ്ടുന്ന വ്യാജ ചരിത്രങ്ങൾ കൃത്രിമമമായി സൃഷ്ടിക്കപ്പെടുന്നുണ്ടെന്നതിലും സംശയമില്ല. എല്ലാക്കാലത്തും ഇത്തരത്തിൽ ഓരോ ചരിത്രങ്ങൾ കൃത്രിമമമായി ചമയ്ക്കപ്പെട്ടിട്ടുണ്ട്. ഇത്തരം വ്യാജ ചരിത്രത്തെക്കുറിച്ചു പുനഃപരിശോധനകൾ ആവശ്യമാണ്. കേരളത്തിൽ ഒന്നാം നൂറ്റാണ്ടിൽ മതവൽക്കരണം നടന്നതായി ചിലർ പ്രചരിപ്പിക്കുന്നുണ്ട്. ബ്രാഹ്മണരെ ക്രിസ്തുമതത്തിലേക്കു മാമ്മോദീസ മുക്കി ക്രിസ്ത്യാനികളാക്കി എന്നൊക്കെയാണ് ചിലർ സ്ഥാപിക്കാൻ ശ്രമിക്കുന്നത്. ഇതൊക്കെ വെറും കെട്ടുകഥകളാണ്. തോമാ ശ്ലീഹാ കേരളത്തിലെത്തി ഇവിടുത്തെ ബ്രഹ്മണരെയെല്ലാം ക്രൈസ്തവ മതത്തിലേക്ക് പരിവർത്തനം ചെയ്യിച്ച കൂട്ടത്തിൽപ്പെട്ടവരാണ് തങ്ങളെന്നു ചിലർ അഭിമാനത്തിനായി പറയുന്നുണ്ട്. തോമാ ശ്ലീഹാ കേരളത്തിൽ എത്തിയെന്നതിനുപോലും കൃത്യമായ തെളിവില്ല. തന്നെയുമല്ല, കേരളത്തിലേക്ക് ബ്രാഹ്മണർ ആദ്യമായെത്തിയതു തന്നെ എട്ടാം നൂറ്റാണ്ടിലാണ്. പിന്നെങ്ങനെയാണ് ഒന്നാം നൂറ്റാണ്ടിൽ തോമാ ശ്ലീഹാ മതം മാറ്റിയെന്ന് അവകാശപ്പെടുന്നത്. ഒരടിസ്ഥാനവുമില്ലാത്ത അവകാശവാദങ്ങളാണത്. ഈ അവകാശവാദങ്ങൾക്കൊന്നും കൃത്യമായ തെളിവുകളില്ല. ആർക്കിയോളജിക്കൽ വിഭാഗം ഇത് സംബന്ധിച്ച് കൂടുതൽ തെളിവുകൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി സത്യം പുറത്തുകൊണ്ടുവരേണ്ടതാണ്.

### ഫാ. പോൾ തേലക്കാട്ട്

മലയാളികളെയാകെ ഒരുതരം നിരർഥകമായ സവർണ സ്വത്വബോധം നയിക്കുന്നുണ്ട്. ഊതിപ്പെരുപ്പിച്ച കുടുംബ മഹിമകളും ജാതിചരിത്രങ്ങളും സൃഷ്ടിച്ച് സ്വയം മഹത്വം കൽപ്പിക്കുന്നവരുടെ സമൂഹമായി മാറിയിരിക്കുന്നു മലയാളികൾ. ഇത് ഏതെങ്കിലും ഒരു വിഭാഗത്തെ മാത്രമായി ഗ്രസിച്ചിരിക്കുന്ന കാര്യമല്ല. നമ്മുടെ അഭിസംബോധനകളിൽപോലും വ്യാജമായ ദുരഭിമാന അടയാളങ്ങൾ പ്രകടമാണ്. അരമന എന്നാൽ പാതിമന എന്നാണ്. അതേപോലെ തിരുമേനി എന്നാൽ പവിത്രമായ മേനി എന്നാണ്. ഈ പ്രയോഗങ്ങളെല്ലാം തന്നെ സവർണ ജാതിബോധത്തിൽ നിന്ന് ഉൽഭവിച്ചിട്ടുള്ളതാണെന്നതിൽ സംശയമില്ല. എന്നു മുതലാണ് ക്രിസ്ത്യൻ മതത്തിൽ അത്തരം അഭിസംബോധനകൾ കടന്നുവന്നതെന്നു ചിന്തിക്കേണ്ടതുണ്ട്. ഒന്നാം നൂറ്റാണ്ടിൽ ഇവിടെ തോമാശ്ലീഹാ വന്ന് ബ്രാഹ്മണരെ മാമ്മോദീസാ മുക്കിയെന്ന് പറയുന്നത് ശുദ്ധ അസംബന്ധം തന്നെയാണ്.

എന്നാൽ കേരളത്തിലെ ചില മതമേധാവികൾ അതംഗീകരിക്കാൻ തയാറായില്ല. തോമാ ശ്ലീഹാ കേരളത്തിലെത്തിയതിന് വ്യക്തമായ തെളിവില്ല. അക്കാലത്ത് ബ്രഹ്മണർ കേരളത്തിലെത്തിയിട്ടില്ല എന്നതാണ് യഥാർത്ഥ ചരിത്രം. എന്നാൽ ഒന്നാം നൂറ്റാണ്ടിലും ഇവിടെ ക്രിസ്ത്യാനിറ്റി നിലനിന്നിരുന്നുവെന്നതാണു സത്യം

# എനിക്കൊരുലോകം നിനക്കൊരുലോകം

എനിക്കൊരു-ലോകം
നിനക്കൊരുലോകം
നമുക്കില്ലൊരു ലോകം

ഇതു പറഞ്ഞ കവി കുഞ്ഞുണ്ണി ഇന്നു ജീവിച്ചിരിപ്പില്ല; കാലയവനികയ്ക്കുള്ളിൽ മറഞ്ഞുപോയി.

അദ്ദേഹം പറഞ്ഞ ആ ലോകം ഇന്ന്;

എനിക്കൊരുപാർട്ടി
നിനക്കൊരുപാർട്ടി
നമുക്കില്ല മറ്റൊന്നും

എന്നായിരുപാന്തരപ്പെട്ടിരിക്കുന്നു, അതിന്റെ ഫലമായി;

പണ്ടത്തെയാൾക്കാർ കുടക്കീഴിൽ
ഇന്നത്തെയാൾക്കാർ കൊടിക്കീഴിൽ

എന്ന നിലവന്നു. 'ക' എന്ന ഒരക്ഷരത്തതിന് വള്ളി ഇട്ടപ്പോഴുണ്ടായ മാറ്റം! കൊടി ഇന്ന് അടിപിടി - കൊലപാതകം - വെട്ടിപ്പ് - തട്ടിപ്പ് - വ്യഭിചാരം- ബലാൽസംഗം - കള്ളക്കടത്ത് - കരിഞ്ചന്ത എന്നിവയൊക്കെ ചെയ്യാനും ചെയ്യിക്കാനുമുള്ള ലൈസൻസിന്റെ ചിഹ്നമായി മാറിയിരിക്കുന്നു. അവസാനം:


ഓട്ടിന്റെ വട്ടത്തിൽ
ചുറ്റികറങ്ങുന്ന രാഷ്ട്രീയം
നാടോട്ടയാക്കുന്നു!

ഇതിന്റെ കാരണമോ? യഥാ നാട്ടാർ.. തഥാസർക്കാർ! അവസാനം കുഞ്ഞുണ്ണി ഒരു നിഗമനത്തിലെത്തി:

നിന്ദ്യം താൻ ഭരണപ്പണി!



അദ്ദേഹത്തെ പോലെ ഒന്നു പറയാൻ പോലും ഇന്ന് ആരുടെയും നാവ് പൊങ്ങുന്നില്ല. സാംസ്കാരിക നായകർ എന്ന പേരിൽ കുറെ മനുഷ്യർ പണ്ടുകാലത്ത് ജീവിച്ചിരുന്നു. ദീപസ്തംഭം മഹാശ്ചര്യം, നമുക്കും കിട്ടണം പണം എന്നു പറഞ്ഞു തുടങ്ങിയ കുഞ്ചൻനമ്പ്യാരെ



രാജാക്കന്മാർക്കുപോലും ഉള്ളിൽ പേടിയുണ്ടായിരുന്നു. നമ്പ്യാരാശാന്റെ പിൻമുറക്കാർ ജീവിതത്തിന്റെ വ്യത്യസ്ത മേഖലകളിലൂടെ സഞ്ചരിച്ച് വസ്തുതകളെ വസ്തുതകളായും വ്യക്തികളെ വ്യക്തികളായും രാഷ്ട്രീയക്കാരെ രാഷ്ട്രീയക്കാരായും കണ്ട് അവരുടെ മുഖത്തു നോക്കി, നല്ലത് നല്ലതെന്നും ചീത്ത ചീത്തയെന്നും പറയാനുള്ള ആർജവവും ധീരതയും കാണിച്ചിരുന്നു. ആരുടെയും മുഖവും സുഖവും നോക്കിയല്ല. സമൂഹത്തിന്റെ നന്മയ്ക്കു വേണ്ടി കഥയിലൂടെയും കവിതയിലൂടെയും നാടകങ്ങളിലൂടെയും സിനിമയിലൂടെയും ഒക്കെ പ്രതികരിച്ചു പോന്നു.

അതുപിന്നെ, ആധുനികരും അത്യന്താധുനികരും എന്നൊക്കെയുള്ള പേരിൽ സമൂഹത്തിൽ നിറഞ്ഞുനിന്നിരുന്നു. ഇന്നിപ്പോൾ ബുദ്ധിജീവികളുടെ കാലമായി. ഏതെങ്കിലും ഒരു കൊടിക്കീഴിൽ അഭയം തേടി വിടുപണി ചെയ്ത് ഉപജീവനം കഴിക്കുന്നു. ഒരു പൊന്നാടയോ പുരസ്കാരമോ പാരിതോഷികമോ പദവിയോ നേടിയെടുക്കാൻ വേണ്ടി നട്ടെല്ല് വളച്ച്, കുനിഞ്ഞുനിന്ന്, ഇരിക്കാൻ പറയുമ്പോൾ കിടന്നും കഷ്ടപ്പെട്ട് പണിയെടുക്കുന്നു. ആർഷഭാരത സംസ്കാരത്തിൽ ഊറ്റം കൊള്ളുകയും പുരാണതിഹാസങ്ങളിൽ ആവേശം കൊള്ളുകയും ചെയ്യുന്നവർ, മഹാഭാരതം അനുശാനപർവ്വത്തിൽ ഭീഷ്മാചര്യർ ധർമ്മപുത്രർക്ക് നല്കുന്ന ഉപദേശത്തിലെ അഹിംസാപരമോധർമ്മ എന്നതിപ്പോൾ ഹിംസാ പരമോധർമ്മ എന്നാക്കിയിരിക്കുന്നു. ദ്രോണർമാരും ശകുനിമാരും പുനർജനിക്കുന്നു. കൗരവസദസ്സിൽ പാഞ്ചാലിയുടെ വസ്ത്രാക്ഷേപം കണ്ട് ഗാലറിയിലിരുന്നാസ്വദിച്ച കിങ്കരന്മാരെപ്പോലെ, ഇന്നത്തെ രാഷ്ട്രീയത്തൊഴിലാളികൾ രാഷ്ട്രീയ സദസിന്റെ ബാൽക്കണിയിൽ ഇടം പിടിച്ചിരുന്നഭിരമിക്കുന്നു.

## ഡയെലോഗ്
ടൈറ്റസ് കാർത്തികപ്പള്ളി

☺ നിത്യോപയോഗ സാധനങ്ങൾക്ക് അമിതവില ഈടാക്കിയാൽ നടപടിയുണ്ടാകുമെന്ന് മന്ത്രി.... ഇതു പ്രായോഗികമോ?

ബിജു നൈനാൻ, തൈപ്പന, അമ്പലപ്പുറം, കൊട്ടാരക്കര

☹ ***വായു ഒഴികെ എല്ലാത്തിനെയും നിത്യോപയോഗ പട്ടികയിൽ നിന്ന് പുറത്താക്കി പ്രശ്നം പരിഹരിക്കാമല്ലോ.***

☺ അഞ്ചപ്പം കൊണ്ട് അയ്യായിരം പേരെ പോഷിപ്പിച്ച യേശുവിന്റെ ആധുനീക ശിഷ്യന്മാർക്ക് ഇതു വല്ലതും സാധിക്കുമോ?

ജോയമ്മ ദാനിയേൽ, കരളിമുക്ക്, ശാസ്താംകോട്ട, കൊല്ലം

☹ ***വിശ്വാസി ചുട്ടുകൊടുക്കുന്ന അപ്പം അവരു തിന്നും. വിശ്വാസിയിരുന്ന് കുഴിയെണ്ണും.***

☺ ഇന്നത്തെ ആത്മീയ പ്രസ്ഥാനങ്ങളെക്കുറിച്ച്

വി. ജെ. തോമസ്, വെള്ളംകുളങ്ങര, മണക്കാല, അടൂർ

☹ ***മാമോൻ മുതലാളി മുതലെടുപ്പ് സഹകരണ സംഘം.***

☺ ദൈവത്തെ വിട്ട് നരക ഭയമില്ലാതെ മാമോനെ സേവിക്കുന്നതിനു കാരണം?

നിമ്മി കുര്യൻ, നെട്ടൂർ, കുളനട, പത്തനംതിട്ട

☹ ***സാത്താന്റെ സുഖിപ്പീരിൽ വിശ്വാസി എന്നേ നരകം മറന്നു.***

☺ പ്രസംഗകരും പ്രവാചകരുമാകാൻ ഉപവാസമിരിക്കുന്നവരുടെ യഥാർത്ഥ ഉദ്ദേശലക്ഷ്യം എന്തായിരിക്കും?

ഷീബാ അലക്സ്, പള്ളത്ത്, മുളക്കുഴ, ചെങ്ങന്നൂർ

☹ ***സുഖഭോഗങ്ങളുടെ സ്വപ്നലോകം***

☺ അവിശ്വാസിയെ വിശ്വാസിയാക്കാൻ ശ്രമിക്കുന്നതിനു പിന്നിലുള്ള ചേതോവികാരം?

ജോർജ്ജ് ശാമുവേൽ, വെള്ളൂർ, പാമ്പാടി, കോട്ടയം

☹ ***ചെകുത്താന്റെ ചതിയിൽ നിന്ന് ദൈവത്തിങ്കലേക്കുള്ള രക്ഷ***

☺ സോഷ്യൽ മീഡിയയിലെ ദൈവദാസന്മാരുടെ അത്ഭുതപ്രവർത്തികൾ കാണുമ്പോൾ നാം എന്താണ് മനസിലാക്കേണ്ടത്?

ജോൺ ബേബി, ഒഴുവൻപാറ, കാരിക്കുളം, റാന്നി

☹ ***ചെകുത്താന്റെ ചിലവിൽ ദാസന്റെ അഴിഞ്ഞാട്ടം***




Printed, Published and owned by Titus Mathew Alias Titus Karthikappally, Punnoothara, Karthikappally 690 516. Printed at St. Paul's Offset Mavelikara. Published at: Punnoothara, Karthikappally. Editor : Titus Mathew Alias Titus Karthikappally